ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

സെപ്റ്റംബർ 2020

പുസ്തകം 1 ലക്കം 1

കേരളത്തിന്റെ സമ്പദ്ഘടന ജി.എസ്.ടി ലെൻസിലൂടെ

ജി ഡി പിയിൽ 23.9 ശതമാനം ഇടിവ്,ജി-20 രാജ്യങ്ങളിൽ ഏറ്റവും വലിയ തകർച്ച ഇന്ത്യയിൽ

മഹാമാരിയുടെ കാലത്തെ കുതിക്കുന്ന ചെലവുകളും കിതക്കുന്ന വരുമാനവും

കോവിഡിൽ കൂപ്പ്കുത്തി മുഖ്യ നികുതിവരുമാന വഴികൾ

കോവിഡ് കാലത്തും വില നിയന്ത്രിച്ച് കേരളം, വിലക്കയറ്റം ദേശീയ ശരാശരിയേക്കാൾ താഴെ

കേരളത്തിലെ തൊഴിൽ മേഖല നേരിടുന്ന വെല്ലുവിളികൾ

കോവിഡിൽ ഉലഞ്ഞ് കേരളത്തിന്റെ ടൂറിസം മേഖല

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി

## ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

സെപ്റ്റംബർ 2020 പുസ്തകം 1 ലക്കം 1

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ടി എം തോമസ് ഐസക്ക്

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

ഉപദേശക സമിതി
എ വി ജോസ്
ഡി നാരായണ
കെ എൻ ഹരിലാൽ
കെ രവിരാമൻ
എൻ രാമലിംഗം
എൽ അനിതാകുമാരി

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ

ഡിസൈൻ, ലേ ഔട്ട്
യു പി അനിൽകുമാർ

വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള- 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.

Email : keralaeconomy@gift.res.in

Printed and published by K J Joseph on behalf of Gulati Institute of Finance and Taxation,
Thiruvananthapuram. Printed at Solar Offset, Manvila, Thiruvananthapuram.
For private circulation. Not for sale.

# ഉള്ളടക്കം

Page No


കേരള മുഖ്യമന്ത്രിയുടെ സന്ദേശം 3
കേരള ധനകാര്യ-കയർ മന്ത്രിയുടെ സന്ദേശം 5
എഡിറ്റോറിയൽ 6

1. **കേരളത്തിന്റെ സമ്പദ്ഘടന ജി.എസ്.ടി ലെൻസിലൂടെ** 7
സുശീൽ ഖന്ന

2. **ജി ഡി പിയിൽ 23.9 ശതമാനം ഇടിവ്, ജി-20 രാജ്യങ്ങളിൽ ഏറ്റവും വലിയ തകർച്ച ഇന്ത്യയിൽ** 11
ജോർജ് ജോസഫ്

3. **സംസ്ഥാനത്തിന്റെ ധനസ്ഥിതി**
മഹാമാരിയുടെ കാലത്തെ കുതിക്കുന്ന ചെലവുകളും കിതക്കുന്ന വരുമാനവും 15
അനിതാകുമാരി എൽ, എൻ രാമലിംഗം

4. **ടാക്സ് മോണിറ്റർ**
കോവിഡിൽ കൂപ്പ്കുത്തി മുഖ്യ നികുതിവരുമാന വഴികൾ 21
എൻ രാമലിംഗം, അനിതാകുമാരി എൽ

5. **പ്രൈസ് മോണിറ്റർ**
കോവിഡ് കാലത്തും വില നിയന്ത്രിച്ച് കേരളം, വിലക്കയറ്റം ദേശീയ ശരാശരിയേക്കാൾ താഴെ 27
പ്യാരേലാൽ രാഘവൻ, ജോർജ് ജോസഫ്


6. **ലേബർ & എംപ്ലോയ്മെന്റ്**
കേരളത്തിലെ തൊഴിൽ മേഖല നേരിടുന്ന വെല്ലുവിളികൾ 30
എ. വി ജോസ്

7. **സെക്ടറൽ ഫോക്കസ്**
കോവിഡിൽ ഉലഞ്ഞ് കേരളത്തിന്റെ ടൂറിസം മേഖല 34
ഡി. നാരായണ

8. **New studies on Kerala** 37
Young scholars' forum, GIFT.

9. **What is new(s) from GIFT** 42

## കേരള മുഖ്യമന്ത്രിയുടെ സന്ദേശം



GOVERNMENT OF KERALA

**Pinarayi Vijayan**

CHIEF MINISTER

No.496/Press/CMO/20. 25th August, 2020.


**MESSAGE**

I am extremely happy that the Gulati Institute of Finance and Taxation (GIFT) is bringing out a monthly publication which would highlight the emerging trends in our economy. The endeavour of the institute will be very helpful for policy makers, researchers and students. I wish this initiative the very best.

**Pinarayi Vijayan**

141, 3rd Floor, North Block, Government Secretariat, Thiruvananthapuram Pin 695001 T 0471 2333241, 2333812, 2333610 F 0471 2333489
E chiefminister@kerala.gov.in facebook.com/cmokerala twitter.com/cmokerala
Residence Cliff House T 0471 2318406, 2314853
www.keralacm.gov.in

# കേരള ധനകാര്യ-കയർ മന്ത്രിയുടെ സന്ദേശം



**Dr. T. M. THOMAS ISAAC**
**MINISTER FOR FINANCE & COIR**

**Government of Kerala**
**Secretariat, Thiruvananthapuram**
**Room No. 130, North Block**
Phone : 0471-2333294
Fax : 0471-2334648
Mobile : 9447733600
E-mail : min.fin@kerala.gov.in

Date: 03-09-2020

**MESSAGE**

As of now, the information on Kerala Economy reaches the policy makers with a lag of one year or over more when the *Economic Review* is published. This delay is inevitable. However, the e-way bill data provides a fairly detailed estimate on both the intra-state and inter-state movement of goods from which we could have a fair understanding on the trends in the economy during the previous month. Similarly the Comptroller and Auditor General of India makes the data on the finances of Kerala and other states available on a monthly basis. Monthly data on GST collection is available from GST Council and the State GST Department. Price data on a monthly basis brought out by the Bureau of Economics and Statistics and the Periodic Labour Force Survey data by the NSO are other important sources of information on Kerala Economy. Analysis of these data during the previous month would be of immense use for informed policy making. This is what has prompted GIFT to consider the publication of ***Kerala Economy*** on a monthly basis reflecting on the developments in the preceding month. I congratulate the Director and staff of GIFT for this timely initiative. It is my hope that the policy makers and all those who are interested in the recent trends in the Kerala economy will find this publication useful. I wish the publication would rise up to the expectations of the readers.

**T.M. Thomas Isaac**

# എഡിറ്റോറിയൽ

We are living in a world flooded with information. But it rarely reaches the people who need it most on time and in a usable form. Further, the questions, as T S Elliot postured, appear relevant. Where is the knowledge we have lost in information? Where is the wisdom we have lost in knowledge? The decision makers in general and policy makers in particular are constrained. The research institutes and scholars at large have a larger role in help overcoming this constraint. This is, perhaps, the context wherein our proposal for a newsletter from GIFT got transformed into more ambitious monthly publication, ***Kerala Economy***, at the instance our Chairman, Professor T M Thomas Isaac.

***Kerala Economy*** is conceived as a monthly publication with regular features that include; reflection on an issue of regional, national or global importance, developments in the previous month in Kerala in the sphere of finance, taxation, prices, employment and a status report on a specific sector of importance. It will also inform the readers about the recent studies on Kerala and of course the news from GIFT. As we go along, we shall add new contents useful for policy makers and those interested in Kerala's development in general. We shall also have space for submissions from the readers.

I thank the Chairman, GIFT, for coming up with the idea of ***Kerala Economy***, his constant guidance and encouragement. I also place on record my appreciation to Shri R K Singh IAS, Additional Chief Secretary and Shri Anand Singh IAS, State Commissioner, GST Department for their keen interest in this publication and Shri P V Babu, Director Bureau of Economics and Statistics for offering the access to their data. The members of the Editorial Advisory Board have been a continuous source of suggestions for making it as useful as possible. Their commitment and concern is gratefully acknowledged. The Consulting Editors invested considerable hard work; thank you. U P Anil Kumar undertook the designing work that deserves special mention. Input for cover design from Emil Abraham is acknowledged. All my colleagues in GIFT were ready to help whenever needed, for which I am grateful.

Criticism is essential for improving any new initiative. Hence, we look forward to your valuable suggestions, constructive criticism and of course compliments for further enhancing the usefulness of this publication. In anticipation of your response, I present the first issue of ***Kerala Economy*** to all those who are concerned about Kerala.

K J Joseph

# കേരളത്തിന്റെ സമ്പദ്ഘടന ജി.എസ്.ടി ലെൻസിലൂടെ

സുശീൽ ഖന്ന

കേരളം ഒരു ഉപഭോക്തൃ സമ്പദ് ഘടനയാണെന്നത് പ്രഖ്യാതമായ ഒരു കാര്യമാണ്. എന്നിരുന്നാലും, പ്രതിശീർഷ വരുമാനത്തിന്റെ കാര്യത്തിൽ ഹരിയാനക്കും മഹാരാഷ്ട്രയ്ക്കും പിന്നിലായി കേരളം അഖിലേന്ത്യ തലത്തിൽ മൂന്നാം സ്ഥാനത്താണ്. ഇന്ത്യയിലെ ഏറ്റവും ഉയർന്ന പ്രതിശീർഷ ഉപഭോഗം കേരളത്തിലാണെന്ന് നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷന്റെ (എൻ.എസ്. എസ്.ഒ) തുടർച്ചയായുള്ള സർവേകൾ വ്യക്തമാക്കുന്നുണ്ട്. ഇതിനുള്ള പ്രധാന കാരണം വിദേശത്ത്, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികൾ അയക്കുന്ന പണമാണ്. ഇത് കേരളത്തിലെ കുടുംബങ്ങളിൽ 30–35 ശതമാനം ചെലവഴിക്കുന്നതിനുള്ള അധിക തുക നൽകുന്നു. വിദേശത്ത് നിന്ന് എത്തുന്ന ഈ വരുമാനം കേരള ത്തിലെ സ്വകാര്യ ചെലവഴിക്കലിന്റെ തോത് കാര്യമായി ഉയർത്തുന്നതിന് സഹായകമാണ്. ഹൗസിങ് അടക്കമുള്ള റിയൽ എസ്റ്റേറ്റ് മേഖലയിലെ പ്രകടമായ ഉണർവിനും ഇത് കാരണമായിട്ടുണ്ട്. എന്നാൽ വ്യാവസായിക നിർമ്മാണ മേഖല എടുക്കുമ്പോൾ സംസ്ഥാനം പിന്നോക്കാവസ്ഥയിലാണെന്ന് കാണാവുന്നതാണ്. അതുകൊണ്ട് കേരളത്തിലെ ഉപഭോക്തൃ മേഖലയിൽ ഉണ്ടായ വളർച്ചയുടെ നേട്ടം കൊണ്ടു പോകുന്നത് അയൽ സംസ്ഥാനങ്ങളായ തമിഴ്നാടും കർണ്ണാടകവുമാണ്.

***ഒന്നര ലക്ഷം കോടി രൂപയുടെ ഉത്പന്നങ്ങൾ കേരളം അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നുണ്ട്. എന്നാൽ 55000 കോടി രൂപയുടെ ഉത്പന്നങ്ങളാണ് കേരളം അന്യ സംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുന്നത്. ഇതിനർത്ഥം അന്തർ സംസ്ഥാന വ്യാപാരത്തിൽ ഏകദേശം ഒരു ലക്ഷം കോടി രൂപയുടെ കമ്മി കേരളം നേരിടുന്നു എന്നതാണ്. തൊട്ട് അയൽ സംസ്ഥാനങ്ങളാണ് കേരളവുമായുള്ള വ്യാപാരത്തിൽ നേട്ടം ഉണ്ടാക്കുന്നത്.***

ജി.എസ്.ടി ഇ-വേ ബിൽ കണക്കുകളിൽ നിന്നും കേരളത്തിന്റെ ആഭ്യന്തര വിപണിയിലെ ഉത്പന്നങ്ങളുടെ വിപണനത്തെ കുറിച്ച് വ്യക്തമായ ഉൾകാഴ്ച ലഭ്യമാകുന്നുണ്ട്. തൊട്ടു മുൻപത്തെ സാമ്പത്തിക വർഷത്തിൽ (2019 –20) സംസ്ഥാനത്ത് 4.3 ലക്ഷം കോടി രൂപ മതിപ്പ് മൂല്യം വരുന്ന 20 ദശലക്ഷം വാണിജ്യ ഇടപാടുകൾ നടന്നിട്ടുണ്ട്. ഇതിന്റെ 45 ശതമാനം കേരളത്തിലെ തന്നെയുള്ള വില്പനക്കാരും വാങ്ങുന്നവരും തമ്മിൽ നടന്നതാണെന്ന് ജി.എസ്.ടി കണക്കുകൾ വ്യക്തമാക്കുന്നു. ബാക്കി ഭാഗം അന്യ സംസ്ഥാനങ്ങളിൽ നിന്നും വിദേശത്ത് നിന്നും കേരളത്തിലേക്ക് എത്തിയ ചരക്കുകളാണ്. ഇതിന്റെ നല്ലൊരു ഭാഗം റോഡ് മാർഗമാണ് സംസ്ഥാനത്തേക്ക് എത്തിയത് (പട്ടിക -1).

| **Table 1.** Kerala commodity trade 2019-20 | | |
|---|---|---|
| | Assessable Value (in Rs. billions) | No. of Transactions (in millions) |
| Intra-state Transactions | 1,960.32 | 11.85 |
| Inter-state Transactions | 2,080.57 | 8.76 |
| All Transactions | 4,270.99 | 20.76 |

## ഉയർന്ന വ്യാപാരകമ്മി

ഈ ലേഖനത്തോടൊപ്പം ചേർത്തിരിക്കുന്ന രണ്ടാം പട്ടിക രാജ്യത്തെ മറ്റു സംസ്ഥാനങ്ങളുമായി കേരളം നടത്തിയ വാണിജ്യ ഇടപാടുകളുടെ കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. വാർഷികാടിസ്ഥാനത്തിൽ 1.5 ലക്ഷം കോടി രൂപയുടെ ഉത്പന്നങ്ങൾ കേരളം മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നു. എന്നാൽ 55000 കോടി രൂപയുടെ ഉത്പന്നങ്ങൾ മാത്രമാണ് കേരളം പുറത്തേക്ക് അയക്കുന്നത്. മറ്റ് വിധത്തിൽ പറഞ്ഞാൽ ഏകദേശം ഒരു ലക്ഷം കോടി രൂപയുടെ വ്യാപാര കമ്മിയാണ് കേരളം നേരിടുന്നത്. ഇത് കേരളത്തിന്റെ മാനുഫാക്റ്ററിങ് മേഖലയുടെ മോശം പ്രകടനം വ്യക്തമാക്കുന്നുണ്ട്. ദക്ഷിണേന്ത്യയിലെ പ്രമുഖമായ നാല് സംസ്ഥാനങ്ങളെടുത്താൽ ജി.എസ്.ഡി.പിയിലെ മാനുഫാക്റ്ററിങ് മേഖലയുടെ സംഭാവന ഏറ്റവും കുറവ് കേരളത്തിലാണ്. 9.5 ശതമാനം മാത്രമാണ് കേരളത്തിന്റെ ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രൊഡക്ടിൽ (ജി എസ് ഡി പി) മാനുഫാക്റ്ററിങ് മേഖലയുടെ സംഭാവന. എന്നാൽ കർണാടകത്തിലും തമിഴ് നാട്ടിലും ഇത് യഥാക്രമം 15, 20 ശതമാനം വീതമാണ്. സംസ്ഥാനത്തിന്റെ വ്യാപാര ക്കമ്മിക്ക് മറ്റൊരു തലം കൂടിയുണ്ട്. കേരളത്തിലെ ഉയർന്ന ഉപഭോഗം കർണാടകത്തിലും തമിഴ്നാട്ടിലും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നു എന്നതാണ് അത്. കർണാടകം മാത്രം 25000 കോടി രൂപയുടെ സാധനങ്ങളാണ് കേരളത്തിലേക്ക് അയക്കുന്നത്.

മോട്ടോർ വാഹനങ്ങൾ, ഇരുചക്ര വാഹനങ്ങൾ, ഇലക്ട്രോണിക് ഉത്പന്നങ്ങൾ, വിവിധ മെഷിനുകൾ, വസ്ത്രങ്ങൾ എന്നിവ അടങ്ങുന്ന പൊതുവെ ഉയർന്ന മൂല്യമുള്ള ഉത്പന്നങ്ങളാണ് പുറത്തു നിന്ന് കേരളത്തിലേക്ക് എത്തുന്നത്. എന്നാൽ പെട്രോളിയം ഉത്പന്നങ്ങൾ, പെട്രോ കെമിക്കൽ ഉത്പന്നങ്ങൾ, റബ്ബർ, പ്ലാസ്റ്റിക് ഉത്പന്നങ്ങൾ, സുഗന്ധ വ്യഞ്ജന ഉത്പന്നങ്ങൾ, പച്ചക്കറികൾ തുടങ്ങിയ ഉത്പന്നങ്ങൾ തുടങ്ങിയവ മറ്റു സംസ്ഥാനങ്ങളിലേക്ക് കേരളം കയറ്റി അയക്കുന്നു. കൊച്ചിയിലും സമീപ പ്രദേശങ്ങളിലുമുള്ള കേന്ദ്ര വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങൾ ഒഴിച്ചാൽ കാർഷിക മേഖലയിൽ നിന്നുള്ള പരിമിതമായ സാധനങ്ങൾ മാത്രമാണ് കേരളം കയറ്റി അയക്കുന്നതെന്ന് കാണാം. വീടുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവ അടക്കമുള്ള നിർമാണ, റിയൽ എസ്റ്റേറ്റ് മേഖലകളിൽ

| **Table 2.** Kerala's internal trade with neighbouring states (Rs billion) | | |
|---|---|---|
| | 2018-19 | 2019-20 |
| From other states | 1,528 | 1,532 |
| To other states | 554 | 549 |
| Kerala's trade deficit | 974 | 983 |

കേരളത്തിൽ വലിയ ഒരു മുന്നേറ്റം ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതിനാവശ്യമായ ഉത്പന്നങ്ങൾ എത്തുന്നതും ആന്ധ്രപ്രദേശ്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നാണ്. സിമന്റ്, സിറാമിക് ഉത്പന്നങ്ങൾ തുടങ്ങിയവയാണ് ഈ ഇറക്കുമതിയുടെ അധികപങ്കും.

കേരളത്തിന്റെ വ്യാപാരക്കമ്മി മറ്റൊന്ന് കൂടി വ്യക്തമാക്കുന്നുണ്ട്. കേരളത്തിലെ ഹൈവേകളും ഇതര റോഡുകളും ഉപയോഗിക്കുന്നത് കേരളത്തിൽ രജിസ്റ്റർ ചെയ്ത ചരക്കുവാഹനങ്ങളെക്കാൾ പുറമെ നിന്നുള്ള വാഹനങ്ങളാണ് എന്നതാണ് അത്. അന്യ സംസ്ഥാനങ്ങളിൽ നിന്നും പ്രതിമാസം 14 ലക്ഷം വീതം ട്രിപ്പുകളാണ് കേരളത്തിലേക്ക് ഇങ്ങനെ നടക്കുന്നത്.

## കേരളത്തിന്റെ രാജ്യാന്തര വ്യാപാരം

കേരളത്തിന്റെ സമ്പദ്ഘടനയിൽ കയറ്റുമതി നിർണ്ണയകമായ പങ്ക് വഹിക്കുന്നുണ്ട്. കഴിഞ്ഞ വർഷം 15000 കോടി രൂപയുടെ ഭാഗവും അയച്ചിരിക്കുന്നത് വിദേശത്തേക്കാണ്.

കേരളത്തിന്റെ വിദേശ വ്യാപാരം ഏറെക്കുറെ സംതുലിതമാണെന്ന് കാണാവുന്നതാണ്. കാരണം 15000 കോടി രൂപയുടെ ഉൽപ്പന്നങ്ങളാണ് കേരളം വിദേശത്തുനിന്നും ഇറക്കുമതി ചെയ്തിരിക്കുന്നത്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ പോലെ തന്നെ യന്ത്രങ്ങളും അസംസ്കൃത വസ്തുക്കളും (രാസവസ്തുക്കൾ, വുഡ് പൾപ്പ്, ബേസ് മെറ്റൽസ്) തന്നെയാണ് കേരളവും അന്യ രാജ്യങ്ങളിൽ നിന്ന് വാങ്ങുന്നത്. അമേരിക്ക, യൂറോപ്പ്, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നാണ് പല ഉൽപ്പന്നങ്ങളും എത്തുന്നതെങ്കിലും ചൈന, തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നും മൊത്തമായി സാധനങ്ങൾ കേരളത്തിലേക്ക് എത്തുന്നുണ്ട്.

കേരളത്തിന്റെ കമ്മോഡിറ്റി അധിഷ്ഠിത

***2019 -20 സാമ്പത്തിക വർഷത്തിൽ 4.3 ലക്ഷം കോടി രൂപ മതിപ്പ് മൂല്യം വരുന്ന 20 ദശ ലക്ഷം വ്യാപാര ഇടപാടുകളാണ് കേരളത്തിൽ നടന്നതെന്ന് ജി.എസ്.ടി ഡേറ്റ വ്യക്തമാക്കുന്നു. ഇതിന്റെ 45 ശതമാനവും കേരളത്തിനകത്ത് തന്നെ നടന്ന ഇടപാടുകളാണെന്ന് കാണാം. ശേഷിക്കുന്നത് അന്തർ സംസ്ഥാന വ്യാപാരമോ, വിദേശ വ്യാപാരമോ ആണ്.***

വിദേശ കയറ്റുമതിയാണ് നടത്തിയിരിക്കുന്നത്. സുഗന്ധ വ്യഞ്ജനങ്ങൾ, കശുവണ്ടി, കയർ തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങളും സമുദ്രോത്പന്നങ്ങളുമാണ് ഇതിൽ പകുതിയും. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ 55000 കോടി രൂപയുടെ ഉത്പന്നങ്ങളാണ് കേരളം മറ്റു സംസ്ഥാനങ്ങളിലേക്ക് കയറ്റി അയച്ചിരിക്കുന്നത്. കയറ്റുമതി ചെയ്ത ഉത്പന്നങ്ങൾ പരിശോധിച്ചാൽ വിദേശത്തേക്കും ഇതര സംസ്ഥാനങ്ങളിലേക്കും അയച്ചിരിക്കുന്നതിൽ അധികവും കാർഷികോൽപ്പന്നങ്ങൾ, റബർ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ തുടങ്ങിയ ഗണത്തിൽ പെടുന്നവയാണെന്ന് കാണാം. സമുദ്രോൽപ്പന്നങ്ങളാണ് ഇതിനു ഒരു അപവാദം. ഈ ഉൽപ്പന്നങ്ങളുടെ സിംഹ സമ്പദ്ഘടനയുടെ ഒരു ലഘു ചിത്രം ഈ കുറിപ്പ് നൽകുന്നു. എന്നാൽ സംസ്ഥാനത്തിന്റെ വരുമാനം, തൊഴിൽ തുടങ്ങിയ കാര്യങ്ങളിൽ കനത്ത സംഭാവന നൽകുന്നത് സേവന മേഖലയാണ്. ഹോട്ടലുകൾ, ഷോപ്പിംഗ് മാളുകൾ, കൺസ്യൂമർ ബസാറുകൾ തുടങ്ങിയ മേഖലകൾ കേരളത്തിന്റെ ഉപഭോഗ ഘടനക്ക് വലിയ സംഭാവന നൽകുന്നു. സഞ്ചാരികളുടെ വരവിനും ഇത് വഴിയൊരുക്കുന്നു. സ്വർണാഭരണ വ്യാപാര മേഖലയാണ് ലാഭകരമായ മറ്റൊരു രംഗം. സേവന മേഖലയിലെ വ്യാപാരത്തിന്റെ തോതും അത് നൽകുന്ന തൊഴിലും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ സുപ്രധാന പങ്ക് വഹിക്കുന്നു.

എന്നാൽ കോവിഡ് മഹാമാരി ഇന്ത്യയിലെ പ്രധാന അർബൻ കേന്ദ്രങ്ങളുമായി മുഖ്യ മായും ബന്ധപ്പെട്ട് കിടക്കുന്ന അന്തർ സംസ്ഥാന വ്യാപാരത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഇത് എല്ലാ ഉപഭോക്തൃ ഉത്പന്നങ്ങളുടെയും നീക്കത്തെ സാരമായി തന്നെ ബാധിച്ചിരിക്കുന്നു. കോവിഡ് കാല ത്തെ സംസ്ഥാനത്തെ സാധനങ്ങളുടെ നീക്കത്തിലെ ഒരു കൗതുകരമായ കാര്യം മൊത്തം ഉൽപ്പന്ന നീക്കത്തിന്റെ മൂന്നിൽ രണ്ടു ഭാഗവും കേരളത്തിന് അകത്ത് തന്നെ യാണ് എന്നതാണ്. അന്തർ സംസ്ഥാന ചരക്ക് നീക്കത്തിൽ പ്രകടമായ ഇടിവ് ഇതുമൂലം ഉണ്ടായിട്ടുണ്ട്. ഇത് സംസ്ഥാന ത്തിന്റെ നികുതി വരുമാനത്തെ പ്രതികൂല മായി ബാധിച്ചിട്ടുണ്ട്. ഏറ്റവും കാര്യമായ ഇടിവ് ഉണ്ടായിരിക്കുന്നത് പ്രധാന നികുതി വരുമാന സ്രോതസ്സുകളായ എറണാകുളം, തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് മേഖലകളിലാണ്.

കോവിഡ് മഹാമാരി മധ്യേഷ്യൻ രാജ്യങ്ങളു ടെ പ്രത്യേകിച്ച് യു.എ.ഇ യുടെ സമ്പദ്ഘടന യെയും തൊഴിൽ മേഖലയെയും സാരമായി തന്നെ ബാധിച്ചിട്ടുണ്ട്. ഇത് കേരളത്തിനും പ്രതികൂലമായ ഘടകമാണ്. കാരണം, വിദേശ മലയാളികളുടെ ഏറിയ പങ്കും ജോലി ചെയ്യുന്നത് ഈ മേഖലയിലാണ്. തൊഴിൽ നഷ്ടപ്പെട്ട വളരെയധികം പേർ കേരളത്തിലേക്ക് തിരിച്ചു വരാൻ ഇത് ഇടയാക്കിയിട്ടുണ്ട്. ഇത് കേരളത്തിന്റെ വിദേശ വരുമാനത്തിൽ വരും മാസങ്ങളിൽ ഇടിവ് ഉണ്ടാക്കുന്നതിനും സാധ്യതയുണ്ട്. കേരളത്തിന്റെ ഉപഭോക്തൃ ഡിമാന്റിനെ പ്രതികൂലമായി ബാധിക്കാൻ ഇത് വഴിയൊ രുക്കുന്നു. അതുകൊണ്ട് ഏറ്റവും പുതിയ ജി.എസ്.ടി ഡേറ്റ കേരളം ഇറക്കുമതി ചെയ്യുന്ന ഉത്പന്നങ്ങളുടെ കാര്യത്തിൽ മാനുഫാക്റ്ററിങ് വ്യവസായങ്ങൾ കേന്ദ്രീ കൃതമായ വ്യവസായ എസ്റ്റേറ്റുകൾ പ്രൊ മോട്ട് ചെയ്യുന്നതിനുള്ള അവസരം ഒരുക്കു ന്നു. വിദേശത്ത് നിന്ന് മടങ്ങി വരുന്ന സംരംഭകത്വ ശേഷി സമർത്ഥമായി വിനിയോഗിച്ച് നൂതന മാനുഫാക്റ്ററിങ് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അവസരവും ഇത് പ്രദാനം ചെയ്യുന്നുണ്ട്.


■

(കൊൽക്കത്ത ഐ.ഐ.എമ്മിലെ
പ്രൊഫസറാണ് ലേഖകൻ)

## ജി ഡി പിയിൽ 23.9 ശതമാനം ഇടിവ്, ജി-20 രാജ്യങ്ങളിൽ ഏറ്റവും വലിയ തകർച്ച ഇന്ത്യയിൽ

ജോർജ് ജോസഫ്

നടപ്പ് സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിൽ (ഏപ്രിൽ-ജൂൺ) മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ (ജി.ഡി.പി) വൻ ഇടിവ് രേഖപ്പെടുത്തി യതായി ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു. മുൻ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ചു 23.9 ശതമാനത്തിന്റെ ഇടിവാണ് ജി.ഡി.പി യിൽ ഉണ്ടായിരിക്കുന്നത്. 2019-20 സാമ്പത്തിക വർഷത്തെ ഒന്നാം പാദത്തിൽ 5.2 ശതമാനം വളർച്ച രേഖപ്പടുത്തിയ സ്ഥാനത്താണ് ആശങ്കാജനകമായ ഈ ഇടിവ് രേഖപ്പെടുത്തിയിരിക്കുന്നത്. 1996 മുതൽക്കാണ് ഇന്ത്യ ഓരോ ത്രൈമാസത്തിലും ജി.ഡി.പി സംബന്ധിച്ച കണക്കുകൾ പുറത്തു വിടാൻ തുടങ്ങിയത്. അതിനുശേഷം ഇതാദ്യമായാണ് ജി.ഡി.പി വളർച്ച നെഗറ്റീവാകുന്നത് എന്ന പ്രത്യേകത കൂടി ഇതിനുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ, അതായത് ജനുവരി മുതൽ മാർച്ച് വരെയുള്ള മൂന്ന് മാസക്കാലയളവിൽ 3.1 ശതമാനം വളർച്ച രേഖപ്പെടുത്തിയിരുന്നു. ജി-20 രാജ്യങ്ങളുടെ കൂട്ടത്തിൽ ജി.ഡി.പിയിൽ ഏറ്റവും ഉയർന്ന ഇടിവ് രേഖപ്പെടുത്തിയ രാജ്യം ഇന്ത്യയാണ്. (ഫിഗർ 1).



***ആഗസ്റ്റ് മാസത്തെ ജി.എസ്.ടി വരുമാനത്തിൽ 12 ശതമാനം ഇടിവ് രേഖപ്പെടുത്തി. സാമ്പത്തിക മേഖലയിൽ കോവിഡ് ഏല്പിച്ചിരിക്കുന്ന ആഘാതത്തിന്റെ ആഴം ഇത് വ്യക്തമാക്കുന്നുണ്ട്. എന്നാൽ സെസ്സിന്റെ കാര്യത്തിൽ ആറ് ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.***

രൂപ കണക്കിൽ രേഖപ്പെടുത്തുമ്പോൾ ഏപ്രിൽ-ജൂൺ കാലയളവിലെ മൊത്തം ആഭ്യന്തര ഉത്പാദനം 26.9 ലക്ഷം കോടി രൂപയാണ്. 2019-20 ലെ ഇതേ കാലയളവിൽ ഇത് 35.4 ലക്ഷം കോടി രൂപയായിരുന്നു. നിർമാണ മേഖല (50.3 ശതമാനം), വ്യാപാരം, ഹോട്ടൽ, ചരക്ക് നീക്കം (47.09 ശതമാനം) തുടങ്ങിയ രംഗങ്ങളിലാണ് ഭീമമായ തോതിലുള്ള തകർച്ച ഉണ്ടായിരിക്കുന്നത്. മാനുഫാക്റ്ററിങ് രംഗത്ത് 39.3 ശതമാനം തളർച്ചയാണ് രേഖപെടുത്തിയിരിക്കുന്നത്. ഈ പ്രതിസന്ധി സ്വകാര്യ ചെലവുകളിൽ 27 ശതമാനത്തിന്റെയും മൂലധന വളർച്ചയുടെ കാര്യത്തിൽ 47 ശതമാനത്തിന്റെയും ഇറക്കുമതി രംഗത്ത് 40 ശതമാനത്തിന്റെയും ഇടിവുണ്ടാക്കിയതായും നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫിസ് (എൻ.എസ്.ഒ) പുറത്തു വിട്ട കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. ഇത് കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും നികുതി സമാഹരണത്തെ ഏറെ പ്രതികൂലമായി ബാധിക്കും എന്നത് ഉറപ്പാണ്.

2011-12 സാമ്പത്തിക വർഷത്തെ അടിസ്ഥാന വിലയെ ആധാരമാക്കി നോക്കുമ്പോൾ നടപ്പ് സാമ്പത്തിക വർഷത്തെ ഒന്നാം പാദത്തിൽ കണക്കാക്കിയിട്ടുള്ള മൊത്തം അധിക മൂല്യം (ഗ്രോസ് വാല്യൂ ആഡഡ്) 25.5 ലക്ഷം കോടി രൂപയാണ്. എന്നാൽ മുൻ സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവിൽ ജി.വി.എ 33.1 ലക്ഷം കോടി രൂപയായിരുന്നുവെന്ന് അറിയുമ്പോഴാണ് ഇടിവിന്റെ ആഴം വ്യക്തമാകുന്നത്. 22.8 ശതമാനം ഇടിവാണ് ജി.വി.എയിൽ രേഖപെടുത്തിയിരിക്കുന്നത്. നിലവിലെ വിലകളുടെ (കറണ്ട് പ്രൈസ്) അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ ജി.ഡി.പിയിൽ സംഭവിച്ചിരിക്കുന്നത് 22.6 ശതമാനം ഇടിവാണ്. തലേ വർഷത്തെ ഇതേ കാലയളവിൽ 8.1 ശതമാനം വളർച്ച രേഖപെടുത്തിയിരുന്ന സ്ഥാനത്താണ് ഗുരുതരമായ ഈ തകർച്ച ഉണ്ടായിരിക്കുന്നത്. രൂപ

**കേന്ദ്ര ഫോർമുല തള്ളുന്നു, ജി എസ് ടി നഷ്ടപരിഹാരം നൽകാൻ കേന്ദ്രം കടമെടുക്കണം : തോമസ് ഐസക്**

ജി എസ് ടി നഷ്ടപരിഹാരത്തിന്റെ കാര്യത്തിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള പോര് കൂടുതൽ മുറുകുന്നു. ഇക്കാര്യത്തിൽ കേന്ദ്രം മുന്നോട്ട് വച്ചിരിക്കുന്ന പാക്കേജിനെ ഭൂരിഭാഗം സംസ്ഥാനങ്ങളും ശക്തമായി എതിർക്കുന്നതാണ് ഇതിനു കാരണം. രണ്ടു നിർദേശങ്ങളാണ് കേന്ദ്രം മുന്നോട്ട് വച്ചിരിക്കുന്നത്. ഒന്ന്, നികുതി വരുമാനത്തിലെ കുറവ് പരിഹരിക്കുന്നതിന് സംസ്ഥാനങ്ങൾ റിസർവ് ബാങ്കിൽ നിന്ന് 97000 കോടി രൂപ വായ്പയെടുക്കുക. രണ്ട്, വിപണിയിൽ നിന്നും 2.35 ലക്ഷം കോടി രൂപ കടമെടുക്കുക. പക്ഷെ കോവിഡ് പ്രതിസന്ധിയുടെ കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ തങ്ങളുടെ നിയമപരമായ ബാധ്യതയിൽ നിന്നും പുറകോട്ട് പോവുകയാണെന്ന വിമർശനമാണ് സംസ്ഥാനങ്ങൾ ഉയർത്തുന്നത്. ബി ജെ പി ഭരിക്കുന്ന സംസ്ഥാനങ്ങൾ അടക്കം കേന്ദ്ര സർക്കാർ നീക്കത്തോടുള്ള എതിർപ്പ് പ്രകടമാക്കിയിട്ടുണ്ട്. കേരള ധനമന്ത്രി ഡോ. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ അഞ്ച് സംസ്ഥാന ധനമന്ത്രിമാർ ഇതിൽ ശക്തമായ വിയോജിപ്പ് പ്രകടമാക്കിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ ജി എസ് ടി നഷ്ടപരിഹാരത്തുക സമയ ബന്ധിതമായി വിതരണം ചെയ്യേണ്ടത് സംസ്ഥാനങ്ങളുടെ സാമ്പത്തിക നടത്തിപ്പിൽ നിർണ്ണായകമാണെന്ന് അവർ അഭിപ്രായപ്പെട്ടു.

.....

.....

ജി എസ് ടി കൗൺസിൽ യോഗത്തിൽ നഷ്ടപരിഹാരത്തുക എത്രയും പെട്ടെന്ന് വിതരണം ചെയ്യണമെന്ന് ഭൂരിപക്ഷം സംസ്ഥാനങ്ങളും ആവശ്യപ്പെട്ടതായി തോമസ് ഐസക് പറഞ്ഞു. ബി ജെ പി ഭരിക്കുന്ന സംസ്ഥാനങ്ങൾ എതിർപ്പ് മൃദുവായി രേഖപെടുത്തിയപ്പോൾ ബി ജെ പി ഇതര ധനമന്ത്രിമാർ കേന്ദ്രത്തിനെതിരെ ശക്തമായ വിമർശനമാണ് ഉയർത്തിയതെന്ന് ഒരു ദേശീയ സാമ്പത്തിക മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. 'കേന്ദ്ര പാക്കേജിലെ രണ്ട് നിർദേശങ്ങളും ഞങ്ങൾ തള്ളുകയാണ്. ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി എല്ലാ സംസ്ഥാന മുഖ്യ മന്ത്രിമാർക്കും പ്രധാനമന്ത്രിക്കും കത്ത് നൽകും. ജി എസ് ടി വരുമാനത്തിൽ 14 ശതമാനം വളർച്ച കണക്കാക്കിയാണ് സംസ്ഥാനങ്ങൾ ബജറ്റ് തയാറാക്കിയിരിക്കുന്നത്. ഇപ്പോൾ കേന്ദ്രം പറയുന്നത് നിങ്ങൾ ചെലവ് ഒരു ലക്ഷം കോടി രൂപ കണ്ട് വെട്ടി കുറയ്ക്കാനാണ്.' – അദ്ദേഹം പറഞ്ഞു.

കേന്ദ്രത്തിന്റെ ഫോർമുല ഒരു വിധത്തിലും സ്വീകാര്യമല്ല. പ്രതിസന്ധിക്ക് കാരണം കോവിഡ് ആണെന്ന് പറയുന്നതിൽ ഒരർത്ഥവുമില്ല. കാരണം, നഷ്ടപരിഹാരത്തിന്റെ കാര്യത്തിൽ കോവിഡ് അല്ലെങ്കിൽ വേറെ ഏതെങ്കിലും ഘടകം മൂലമുണ്ടാകുന്ന നഷ്ടം എന്നൊന്നും ജി എസ് ടി നിയമം വ്യവച്ഛേദിക്കുന്നില്ല. ഇക്കാര്യം ജി എസ് ടി നിയമത്തിന്റെ ഏഴാം വകുപ്പ് വ്യക്തമായി പറയുന്നുണ്ട്. നിയമം ഇവിടെ സ്ഫടികം പോലെ സുതാര്യമാണ്.

സംസ്ഥാനങ്ങൾ കടമെടുക്കണമെങ്കിൽ എഫ് ആർ ബി എം (ഫിസ്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബഡ്ജറ്റ് മാനേജ്മെന്റ്) ആക്റ്റിൽ ഭേദഗതി വേണ്ടി വരും. ഓരോ സംസ്ഥാനത്തിന്റെയും സാഹചര്യങ്ങൾ വ്യത്യസ്തമാണ്. വടക്ക് - കിഴക്കൻ സംസ്ഥാനങ്ങൾ പലതും മിച്ച സംസ്ഥാനങ്ങളാണ്. എന്നാൽ 40 ശതമാനം വരെ കമ്മി നേരിടുന്ന സംസ്ഥാനങ്ങൾ ഇന്ത്യയിലുണ്ട്.

ജി.എസ്.ടിയിൽ മിച്ചമുണ്ടാകുമ്പോൾ കേന്ദ്ര സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്കാണ് അത് പോകുന്നത്. ജി എസ് ടി നടപ്പാക്കിയ ആദ്യ രണ്ട് വർഷങ്ങളിൽ ഇങ്ങനെ സംഭവിച്ചിരുന്നു. സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കാത്ത ഐ ജി എസ് ടി വരുമാനവും പോകുന്നത് ഇതിലേക്കാണ്. അതുകൊണ്ട് നികുതി വരുമാനത്തിൽ കുറവുണ്ടാകുമ്പോൾ ഈ കൺസോളിഡേറ്റഡ് ഫണ്ട് ഉപയോഗിക്കുകയാണ് വേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സംസ്ഥാനങ്ങൾ കടമെടുക്കാൻ പോയാൽ അവയുടെ ധനകമ്മി കുത്തനെ ഉയരുകയാവും ഫലം. എന്നാൽ കേന്ദ്രത്തിന് ഈ കുറവ് റിസർവ് ബാങ്കിൽ നിന്ന് കടമെടുത്ത് പരിഹരിക്കാൻ കഴിയും. ലോകത്തെ മിക്ക രാജ്യങ്ങളും പ്രതിസന്ധി ഘട്ടങ്ങളിൽ കേന്ദ്ര ബാങ്കിൽ നിന്നും കടമെടുക്കാറുണ്ട്. നിലവിലെ പ്രതിസന്ധി കേന്ദ്ര- സംസ്ഥാന ബന്ധങ്ങളെ പോലും ബാധിക്കുന്ന വിധത്തിലാണ് പരിണമിക്കുന്നത്. ഇത് ഇന്ത്യയുടെ ഫിസ്കൽ ഫെഡറലിസത്തിന് ദോഷകരമായ ഒന്നാണ്. ഏതായാലും ഞങ്ങൾ ഒരു വിട്ടുവീഴ്ചക്കും തയാറല്ല, പോരാടുക തന്നെ ചെയ്യും.' ഐസക് വ്യക്തമാക്കി.

കണക്കിൽ നോക്കുമ്പോൾ കറണ്ട് പ്രൈസിനെ അടിസ്ഥാനപ്പെടുത്തിയുള്ള ജി.ഡി.പി 35.7 ലക്ഷം കോടിയിലേക്ക് കൂപ്പു കുത്തിയിരിക്കുന്നു. 44.9 ലക്ഷം കോടി രൂപയായിരുന്നു തലേ വർഷം ഇതേ കാലയളവിൽ ഉണ്ടായിരുന്നത്. കോവിഡ് മഹാമാരിയുടെ വ്യാപനം മൂലമുണ്ടായ നിയന്ത്രണങ്ങൾ സാമ്പത്തിക പ്രവർത്തനങ്ങളുടെ താളം തെറ്റിച്ചിട്ടുണ്ട്. ഇതാണ് ജി.ഡി.പി യിലെ ഗൗരവകരമായ ഈ ഇടിവിന്റെ മുഖ്യ കാരണം. സാമ്പത്തിക മേഖലയിലെ സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണത്തെയും ഈ പ്രതിസന്ധി ദോഷകരമായി ബാധിച്ചതായി എൻ.എസ്.ഒ വിലയിരുത്തുന്നു. അതുകൊണ്ട് സാധാരണ വിവരങ്ങൾ ശേഖരിക്കുന്ന സ്രോതസ്സുകളെ കാര്യമായി ആശ്രയിക്കാൻ കഴിഞ്ഞിട്ടില്ല. പകരം ജി.എസ്.ടി, വാണിജ്യ-വ്യവസായ സംഘടനകളിൽ നിന്നുള്ള വിവരങ്ങൾ

എന്നിവയെ അടിസ്ഥാനമാക്കിയാണ് ഇത്തവണ ഇത് സംബന്ധിച്ച കണക്കുകൾ തയാറാക്കിയത് എന്ന പരിമിതി ഉണ്ട്. പ്രധാന മാക്രോ എക്കണോമിക് സൂചകങ്ങളായ ഐ.ഐ.പി, സി.പി.ഐ തുടങ്ങിയവയെയും പൂർണ്ണ തോതിൽ എടുക്കാൻ കഴിയാത്ത സാഹചര്യവും ജി.ഡി.പി എസ്റ്റിമേറ്റുകളെ സ്വാധീനിച്ചിട്ടുള്ള ഘടകങ്ങളാണ്. അതുകൊണ്ട് ഇപ്പോൾ പുറത്തു വന്നിട്ടുള്ള ജി.ഡി.പി എസ്റ്റിമേറ്റുകൾ ഭാവിയിൽ പുനർനിർണയിക്കാനുള്ള സാധ്യത എൻ.എസ്.ഒ ചൂണ്ടിക്കാട്ടുന്നു. രണ്ടാം പാദത്തിലെ ജി.ഡി.പി ഡേറ്റ നവംബർ 27 നു പുറത്തു വിടുമെന്നും എൻ.എസ്.ഒ അറിയിച്ചിട്ടുണ്ട്.

### ജി.എസ്.ടി വരുമാനം കുറഞ്ഞു

അതിനിടെ, ആഗസ്റ്റ് മാസത്തിൽ ജി.എസ്.ടി വരുമാനത്തിൽ 12 ശതമാനത്തിന്റെ ഇടിവ് രേഖപ്പെടുത്തി. എന്നാൽ സെസ്സിന്റെ കാര്യത്തിൽ നേരെ തിരിച്ചാണ് സംഭവിച്ചിരിക്കുന്നത്. സെസ്സിന്റെ കാര്യത്തിൽ ആഗസ്റ്റിൽ കഴിഞ്ഞ അഞ്ചു മാസത്തിനിടയിലെ ഏറ്റവും ഉയർന്ന വളർച്ച രേഖപ്പെടുത്തി. ആറ് ശതമാനം വളർച്ചയാണ് ഇക്കാര്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആഗസ്റ്റ് മാസത്തിൽ മൊത്തം ജി.എസ്.ടി വരുമാനം 86449 കോടി രൂപയാണ്. തുടർച്ചയായി ആറാം തവണയാണ് ജി.എസ്.ടിയിൽ നിന്നുള്ള വരുമാനം ഒരു ലക്ഷം കോടി രൂപയിൽ താഴെ പോകുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ കണക്കുകളനുസരിച്ച് ജൂലൈ മാസത്തിലെ ജി.എസ്.ടി വരുമാനം 87422 കോടി രൂപയാണ്. ഇറക്കുമതി 23 ശതമാനം കണ്ട് കുറഞ്ഞതാണ് ജി.എസ്.ടിയിലെ ഇടിവിന് പ്രധാന കാരണമായി ചൂണ്ടിക്കാട്ടപ്പെടുന്നത്. ആഭ്യന്തര വ്യാപാരരംഗത്ത് രേഖപ്പെടുത്തിയ എട്ട് ശതമാനം ഇടിവും വരുമാനത്തെ പ്രതികൂലമായി സ്വാധീനിച്ച ഘടകമാണ്. ആഗസ്റ്റിൽ കേന്ദ്ര ജി.എസ്.ടി വരുമാനം 34122 കോടി രൂപയാണ്. ജൂലൈയിൽ ഇത് 39467 കോടി രൂപയായിരുന്നു. ആഗസ്റ്റ് മാസത്തെ സ്റ്റേറ്റ് ജി.എസ്.ടി കളക്ഷൻ 35714 കോടി രൂപയാണ്. 40256 കോടി രൂപയായിരുന്നു ജൂലൈ മാസത്തിൽ. എന്നാൽ ഐ.ജി.എസ്ടിയിൽ ഇടിവ് അത്ര പ്രകടമായിരുന്നില്ല. ജൂലൈയിൽ 42592 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞപ്പോൾ ആഗസ്റ്റിൽ സമാഹരിച്ചത് 42264 കോടി രൂപയാണ്. സെസ്സ് ഇനത്തിൽ ആഗസ്റ്റ് മാസത്തിൽ സമാഹരിക്കാൻ കഴിഞ്ഞത് 7215 കോടി രൂപയാണ്. ജൂലൈയിലേത് 6822 കോടിയും. നികുതി വരുമാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒക്ടോബർ ഒന്ന് മുതൽ 500 കോടി രൂപക്ക് മുകളിൽ വിറ്റുവരവുള്ള കമ്പനികൾക്ക് പൂർണ്ണമായി ഇ-ഇൻവോയ്സിംഗ് ഏർപ്പെടുത്താൻ കേന്ദ്ര സർക്കാർ ആലോചിക്കുന്നുണ്ട്.

■

(കേരള ഇക്കോണമിയുടെ കൺസൾട്ടിങ് എഡിറ്ററാണ് ലേഖകൻ.)

## സംസ്ഥാനത്തിന്റെ ധനസ്ഥിതി

# മഹാമാരിയുടെ കാലത്തെ കുതിക്കുന്ന ചെലവുകളും കിതക്കുന്ന വരുമാനവും

എൽ അനിതാകുമാരി, എൻ രാമലിംഗം

ആഗോള സാമ്പത്തിക രംഗത്തെ മാന്ദ്യം കേരളത്തിന്റെ സാമ്പത്തിക മേഖലയെ കഴിഞ്ഞ രണ്ടു വർഷമായി ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതുമൂലം സംസ്ഥാനത്തിന്റെ വരുമാനവും ചെലവും തമ്മിലുള്ള വിടവ് വളരെ ഗുരുതരമായ സ്ഥിതിയിലാണ്. കോവിഡ് രോഗവ്യാപനത്തെ തുടർന്ന് പൊതുജന ആരോഗ്യ രംഗത്തും സാമൂഹ്യ സുരക്ഷാ മേഖലയിലും സർക്കാർ ചെലവുകൾ അധികരിക്കുന്നത് സ്ഥിതി കൂടുതൽ വഷളാക്കിയതായി കാണാം. ജി.എസ്.ടി നഷ്ടപരിഹാരം അടക്കമുള്ള കാര്യങ്ങൾ സമയബന്ധിതമായി നൽകാതെ, കേന്ദ്രം വരുത്തുന്ന കാലതാമസം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നു. വരുമാനം കുറയുന്നതും ചെലവുകൾ ക്രമാതീതമായി ഉയരുന്നതും കൂടുതൽ കടമെടുക്കുക എന്ന പരിഹാര മാർഗത്തിലേക്ക് കൊണ്ട് ചെന്നെത്തിക്കുകയും ചെയ്യുന്നു. ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കുകൾ അനുസരിച്ച് വായ്പയുടെ തോത് 112.9 ശതമാനത്തിലേക്ക് ഉയർന്നിരിക്കുന്നു.

നാലു കാര്യങ്ങളാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയുടെ കാതൽ. വരുമാനം, ചെലവുകൾ, കടം, മിച്ചം അല്ലെങ്കിൽ കമ്മി എന്നിവയാണ് ആ നാലു ഘടകങ്ങൾ. സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനങ്ങൾ, കേന്ദ്ര ധനകാര്യ കമ്മീഷന്റെ വിഹിതം, കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന വിവിധ തരത്തിലുള്ള ഗ്രാന്റുകൾ തുടങ്ങിയവ ചേർന്നതാണ് സംസ്ഥാനത്തിന്റെ റവന്യു വരുമാനം. 2018-19 ലെ കണക്കുകൾ പ്രകാരം മൊത്തം റവന്യു വരുമാനം ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രൊഡക്ടിന്റെ (ജി.എസ്.ഡി.പി) 11.9 ശതമാനവും റവന്യു ചെലവ് 14.1 ശതമാനവുമാണ്. 2019-20 ലെ പുതുക്കിയ കണക്കുകൾ പ്രകാരം ഇത് യഥാക്രമം 11.4 ശതമാനവും 13.4 ശതമാനവുമാണ്. 2020-21 ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ഇത് ജി.എസ്.ഡി.പിയുടെ 11.7 ശതമാനവും 13.3 ശതമാനവും വീതമാണ്. സാധാരണ സാമ്പത്തിക സാഹചര്യം പരിഗണിക്കുമ്പോൾ ഇത് യാഥാർഥ്യ ബോധത്തോടെയുള്ള അനുമാനക്കണക്കാണെന്ന് വിലയിരുത്താനാകും.

***അടിസ്ഥാന സൗകര്യ വികസന രംഗത്തെ വർധിച്ചു വരുന്ന ചെലവുകൾക്ക് പണം കണ്ടെത്തുന്നതിന് വേണ്ടിയാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്ന നിലയിൽ കേരള ഇൻഫ്രാസ്ട്രക്റ്റർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന് (കിഫ്ബി) രൂപം നൽകിയിരിക്കുന്നത്. ബജറ്റിന് പുറത്തുള്ള വിഭവ സമാഹരണമാണ് ഇതിന്റെ കാതലായ ലക്ഷ്യം.***

എന്നാൽ കോവിഡ് മഹാമാരി ഒരു അസാധാരണ സാമ്പത്തിക സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. ഇത് 2020-21 ബജറ്റിലെ കണക്കുക്കൂട്ടലുകളെ തകിടം മറിക്കുന്ന തരത്തിലുള്ളതാണ്. (പട്ടിക ഒന്ന് കാണുക.)

## റവന്യു വരുമാനം

സംസ്ഥാനത്തിന്റെ റവന്യു വരുമാനത്തിലെ പ്രധാന ഇനമായ നികുതി വരുമാനത്തെ കുറിച്ച് ടാക്സ് മോണിറ്റർ പംക്തിയിൽ പ്രതിപാദിക്കുന്നതിനാൽ തനതായ നികുതിയേതര വരുമാനത്തിന്റെ സ്ഥിതി പരിശോധിക്കാം. സംസ്ഥാനത്തിന്റെ തനതായ നികുതിയേതര വരുമാനം കഴിഞ്ഞ മൂന്ന് വർഷത്തേക്ക് ജി.എസ്.ഡി.പിയുടെ 1.5 ശതമാനമായി കണക്കാക്കുന്നു. സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിന്റെ സിംഹഭാഗവും ലോട്ടറിയിൽ നിന്നാണ് ലഭിക്കുന്നത്. നികുതിയേതര വരുമാനത്തിന്റെ 78.9 ശതമാനം വരും ഇത്. പലിശ വരുമാനം, ലാഭവിഹിതം, ലാഭം, വിദ്യാഭ്യാസ രംഗത്ത് നിന്നുള്ള വരുമാനം, സ്പോർട്സ്, സാംസ്കാരിക മേഖല, പൊതുജനാരോഗ്യ രംഗം, വനം, വന്യജീവി മേഖല തുടങ്ങിയ ഇനങ്ങളിലാണ് നികുതിയേതര വിഭാഗത്തിൽ ശേഷിക്കുന്ന വരുമാനം ലഭ്യമാകുന്നത്. 2018-19 ലെ വിവിധ കേന്ദ്ര വിഹിതങ്ങൾ ജി.എസ്.ഡി.പിയുടെ 3.9 ശതമാനമായി കണക്കാക്കിയിരിക്കുന്നു. 2019-20 ലെ പുതുക്കിയ കണക്കനുസരിച്ച് ഇത് 3.5 ശതമാനവും 2020-21 ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ഇത് 3.3 ശതമാനവുമായി ക്രമീകരിച്ചിരിക്കുന്നു.

## റവന്യു ചെലവ്

വികസനപരവും അല്ലാത്തതുമായ ചെലവുകൾ ചേരുന്നതാണ് സംസ്ഥാനത്തിന്റെ മൊത്തം റവന്യു ചെലവ്. സാമൂഹ്യ, ജലവിതരണ രംഗത്തെ വികസന ചെലവുകൾ, റോഡ്, പാലങ്ങൾ തുടങ്ങിയ പബ്ലിക് വർക്കുകൾ നടത്തുന്നതിനുള്ള ശമ്പളം അടക്കമുള്ള ഭരണച്ചെലവുകൾ, വനം, ട്രാൻസ്പോർട്ട്, കമ്യൂണിക്കേഷൻ, ഭവന നിർമാണം, നഗര വികസനം മുതലായവ ചേർന്നതാണ് വികസന ചെലവുകൾ. 2018-19 ൽ ഇത് മൊത്തം ജി.എസ്.ഡി.പിയുടെ 7.3 ശതമാനമാണ്. 2019-20 ലെ റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് ഇത് 6.4 ശതമാനവും 2020-21 ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ഇത് ഏഴു ശതമാനവുമാണ്. വിദ്യാഭ്യാസവും ആരോഗ്യവുമാണ് സാമൂഹ്യ-വികസന രംഗത്തെ രണ്ട് പ്രധാന ചെലവിനങ്ങൾ. കഴിഞ്ഞ മൂന്ന് വർഷവും വിദ്യാഭ്യസം, ആരോഗ്യം എന്നീ മേഖലകളിലെ ശമ്പളം അടക്കമുള്ള ഭരണചെലവുകൾ യഥാക്രമം ജി.എസ്.ഡി.പിയുടെ 2.2 ശതമാനവും 0.8 ശതമാനവും വീതമാണ്.

പെൻഷൻ, പലിശ, നികുതി, ഡ്യൂട്ടികൾ എന്നിവ ശേഖരിക്കുന്നതിനുള്ള ചെലവുകൾ, നഷ്ടപരിഹാരം, പോലീസ്, ജയിൽ, നീതി നിർവഹണം, ലെജിസ്ലേറ്റർ മുതലായ മേഖലകളിലെ ഭരണ ചെലവുകൾ തുടങ്ങിയ നിരവധി ചെലവിനങ്ങൾ അടങ്ങുന്നതാണ് വികസനേതര ചെലവുകൾ. 2018-19 ൽ ഇത്

***2018 -19ലെ കണക്കുകൾ പ്രകാരം ധനകമ്മി 3 .4 ശതമാനമാണ്. ഫിസ്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബഡ്ജറ്റ് മാനേജ്മെന്റ് നിയമപ്രകാരം (എഫ്.ആർ.ബി.എം) ഇതിന്റെ നിശ്ചിത പരിധി മൂന്ന് ശതമാനമാണ്. തുടർന്നുള്ള രണ്ടു വർഷവും മൂന്ന് ശതമാനമാക്കാനാണ് ലക്ഷ്യമെങ്കിലും കോവിഡ് പ്രതിസന്ധി ഈ ലക്ഷ്യ സാധ്യത ഏറെ അകലെയാക്കുന്നുണ്ട്.***

**Table 1.** State finances - Kerala 2018-19 to 2020-21(Rs. Lakh Crore)

| Sl. No. | Particulars | 2020-21 | 2019-20 | 2018-19 | Per centage on GDP | | | Growth Rate (%) | |
|---|---|---|---|---|---|---|---|---|---|
| | | | | | 2020-21 (BE) | 2019-20 (RE) | 2018-19 Accounts | 2020-21 over 2019-20 | 2019-20 over 2018-19 |
| 1 | Total revenue receipts (2+3 | 114.6 | 99 | 92.9 | 11.7 | 11.4 | 11.9 | 15.7 | 6.7 |
| 2 | Tax revenue | 88.4 | 74.7 | 69.7 | 9.0 | 8.6 | 8.9 | 18.3 | 7.2 |
| 3 | Non rax revenue | 26.3 | 24.4 | 23.2 | 2.7 | 2.8 | 3.0 | 7.8 | 5.2 |
| 4 | State's own revenue (5+6) | 82 | 68.9 | 62.4 | 8.4 | 7.9 | 8.0 | 19.0 | 10.4 |
| 5 | State's own tax revenue | 67.4 | 55.7 | 50.6 | 6.9 | 6.4 | 6.5 | 21.1 | 9.9 |
| 6 | State's own non tax revenue | 14.6 | 13.2 | 11.8 | 1.5 | 1.5 | 1.5 | 10.1 | 12.4 |
| 6a | Lotteries | 11.6 | 10.5 | 9.3 | 1.2 | 1.2 | 1.2 | 10.2 | 13.2 |
| 7 | Central govt.transfers | 32.6 | 30.1 | 30.4 | 3.3 | 3.5 | 3.9 | 8.3 | -1.0 |
| 7a | Share of central taxes | 20.9 | 19 | 19 | 2.1 | 2.2 | 2.4 | 10.2 | -0.2 |
| 7b | Grants in aid | 11.7 | 11.1 | 11.4 | 1.2 | 1.3 | 1.5 | 5.1 | -2.3 |
| 8 | Total revenue expenditure (9+11) | 129.8 | 116.5 | 110.3 | 13.3 | 13.4 | 14.1 | 11.4 | 5.6 |
| 9 | Total development expenditure | 68.2 | 55.4 | 56.8 | 7.0 | 6.4 | 7.3 | 23.2 | -2.5 |
| 10 | Total social and development services | 53.2 | 42.9 | 42.7 | 5.4 | 4.9 | 5.5 | 24.2 | 0.5 |
| 10a | Education | 20.5 | 19 | 19 | 2.1 | 2.2 | 2.4 | 8.0 | 0.0 |
| 10b | Medical & public health, family welfare | 8 | 7.4 | 7.3 | 0.8 | 0.8 | 0.9 | 8.9 | 1.4 |
| 11 | Non development expenditure | 61.6 | 61.1 | 53.5 | 6.3 | 7.0 | 6.8 | 0.8 | 14.2 |
| 11a | Interest payment | 19.9 | 18.4 | 16.7 | 2.0 | 2.1 | 2.1 | 7.7 | 10.1 |
| 11b | Pension | 21 | 20.4 | 19 | 2.1 | 2.3 | 2.4 | 3.0 | 7.0 |
| 12 | Capital expenditure | 12.9 | 8 | 7.4 | 1.3 | 0.9 | 1.0 | 61.1 | 7.8 |
| 13 | Total expenditure (8+12) | 144.3 | 125.6 | 120.1 | 14.8 | 14.4 | 15.4 | 14.8 | 4.6 |
| 14 | Revenue deficit/surplus(1-8) | -15.2 | -17.5 | -17.5 | -1.6 | -2.0 | -2.2 | -13.0 | 0.1 |
| 15 | Fiscal deficit/surplus | -29.3 | -26.2 | -27 | -3.0 | -3.0 | -3.4 | -11.9 | -2.9 |
| 16 | Primary deficit (15-11a) | -9.4 | -7.8 | -10.2 | -1.0 | -0.9 | -1.3 | -21.8 | -24.1 |
| 17 | Outstanding debt | 292.1 | 262.3 | 235.6 | 29.9 | 30.1 | 30.1 | 11.4 | 11.3 |
| 18 | Borrowing | 29.2 | 25.9 | 27 | 3.0 | 3.0 | 3.5 | 13.0 | -4.1 |
| 19 | GSDP | 978.1 | 871.5 | 781.7 | | | | | |

*Source: Computed from Budget Documents Data, Government of Kerala *BE-Budget Estimate, RE - Revised Estimate*

**Table 2.** State finance in Kerala 2020 - Quarter 1 (Rs. Crore)

| Sl. No. | Description | April to June 20 | April to June 19 | Revenue Difference | Growth rate (Percentage) |
|---|---|---|---|---|---|
| 1 | Revenue Receipts (a+b) | 13329.85 | 19044.86 | -5715.01 | -30.0 |
| a) | Tax Revenue | 7533.11 | 15541.71 | -8008.60 | -51.5 |
| b) | Non-Tax Revenue | 5796.74 | 3503.15 | 2293.59 | 65.5 |
| 2 | Capital Receipts | 20000.71 | 9430.13 | 10570.58 | 112.1 |
| 2a | Borrowings & Other Liabilities | 19951.05 | 9372.47 | 10578.58 | 112.9 |
| 3 | Total Receipts (1+2) | 33330.56 | 28474.99 | 4855.57 | 17.1 |
| 4 | Revenue Expenditure | 30316.52 | 26154.26 | 4162.26 | 15.9 |
| 4(a) | Expenditure on Interest Payment | 3690.23 | 3516.61 | 173.62 | 4.9 |
| 4(b) | Expenditure on salaries and wages | 6897.24 | 8873.97 | -1976.73 | -22.3 |
| 4(c) | Expenditure on Pension | 4188.25 | 5096.94 | -908.69 | -17.8 |
| 4(d) | Expenditure on Subsidy | 802.37 | 481.36 | 321.01 | 66.7 |
| 5 | Capital Expenditure | 2396.55 | 1967.03 | 429.52 | 21.8 |
| 5(a) | Expenditure on Capital account | 2375.22 | 1935.98 | 439.24 | 22.7 |
| 6 | Sector wise Expenditure* | 30569.51 | 27115.12 | 3454.39 | 12.7 |
| 7 | Total Expenditure(4+5) | 32713.07 | 28121.29 | 4591.78 | 16.3 |
| 8 | Revenue Surpuls(+)/Deficit(-)(1-4) | -16986.67 | -7109.4 | -9877.27 | 138.9 |
| 9 | Fiscal Surplus/Deficit | -19951.05 | -9372.47 | -10578.58 | 112.9 |
| 10 | Primary Deficit(9-4a) | -16260.81 | -5855.86 | -10404.95 | 177.7 |

**Sector wise expenditure include general , social and economic sectors and grants-in-aid-contributions*
*Source:Computed from C&AG Data*

സ്റ്റേറ്റ് ജി.ഡി.പിയുടെ 6.8 ശതമാനമായിരുന്നു. പുതുക്കിയ എസ്റ്റിമേറ്റുകളിൽ ഇത് ഏഴു ശതമാനമായി ഉയർത്തി. എന്നാൽ കഴിഞ്ഞ ബജറ്റിൽ ഇത് 6.3 ശതമാനമായി താഴ്ത്തി യാണ് നിശ്ചയിച്ചിരിക്കുന്നത്. 2018-19 ൽ മൂലധന ചെലവുകൾ ജി.എസ്.ഡി.പിയുടെ ഒരു ശതമാനമാണ്. ഇത് 2020-21 ലെ ബജറ്റിൽ ഇത് 1.3 ശതമാനമായി ഉയർത്തിയി ട്ടുണ്ട്. ഉയർന്നു വരുന്ന മൂലധന ചെലവു കൾക്ക് ഫണ്ട് കണ്ടെത്തുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് എന്ന പേരിൽ ഒരു പുതിയ സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് രൂപം നൽകി പ്രവർത്തനം പുരോഗമിച്ചു വരുന്നു.

റവന്യൂ വരുമാനത്തേക്കാൾ റവന്യൂ ചെലവുകൾ ഉയരുന്നതിനെയാണ് റവന്യൂ കമ്മി എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. 2018-19 ലെ ബജറ്റിൽ റവന്യൂ കമ്മി ജി.എസ്.ഡി.പി യുടെ 2.2 ശതമാനമായാണ് കണക്കാക്കിയത്. എന്നാൽ 2019-20 ലെ പുതുക്കിയ കണക്കുക ളിൽ ഇത് രണ്ടു ശതമാനവും പുതിയ ബജറ്റിലെ എസ്റ്റിമേറ്റ് 1.6 ശതമാനവുമാണ്. മൊത്തം വരുമാനവും (വായ്പകൾ ഒഴികെ യുള്ളത്) മൊത്തം ചെലവുകളും തമ്മിലുള്ള വ്യത്യാസമാണ് ധനകമ്മി. 2018-19 ലെ ബജറ്റ് പ്രകാരം ഇത് ജി.എസ്.ഡി.പിയുടെ 3.4 ശതമാനമാണ്. എഫ്.ആർ.ബി.എം നിയമ പ്രകാരം നിജപ്പെടുത്തിയിരിക്കുന്ന മൂന്ന് ശതമാനത്തിനും മുകളിലാണ് ഇത്. അടുത്ത രണ്ടു വർഷങ്ങളിലെ ബജറ്റിൽ ഇത് മൂന്ന് ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും കോവിഡ് രോഗത്തിന്റെ പശ്ചാത്തലത്തിൽ ഇതിൽ കാര്യമായ മാറ്റം വരുന്നതിനു സാധ്യതകളുണ്ട്. സംസ്ഥാനത്തിന്റെ വായ്പ പരിധി നിർണ്ണയിക്കുന്നതിൽ ഇത് ഒരു നിർണ്ണായക ഘടകമാണ്. സാധാരണ സാഹ ചര്യങ്ങളിൽ ധനകമ്മി വാർഷിക അടിസ്ഥാന ത്തിൽ 11.9 ശതമാനം എന്ന തോതിൽ വളരുമെന്നാണ് കണക്ക്.

ധനകമ്മിയും പലിശ ഇനത്തിലെ ചെലവും തമ്മിലുള്ള വ്യത്യാസത്തെയാണ് പ്രാഥമിക കമ്മി എന്ന് പറയുന്നത്. 2018-19 ലെ ബജറ്റ് പ്രകാരം ഇത് ജി.എസ്.ഡി.പിയുടെ 1.3 ശതമാനമാണ്. എന്നാൽ 2020-21 ലെ ബജറ്റിൽ ഇത് ഒരു ശതമാനമെന്നാണ് കണ ക്കാക്കിയിരിക്കുന്നത്. 2018-19 ലെ സംസ്ഥാന ത്തിന്റെ മൊത്തം കട ബാധ്യത ജി.എസ്. ഡി.പിയുടെ 30.1 ശതമാനമാണ്. 2019-20 ലും 2020-21 ലും ഇതേ അനുപാതത്തിൽ തന്നെയാണ് മൊത്തം കടബാധ്യത കണ ക്കാക്കിയിരിക്കുന്നത്. എന്നാൽ വാർഷികാടി സ്ഥാനത്തിൽ 11.4 ശതമാനം വളർച്ച ഇക്കാ ര്യത്തിൽ പ്രതീക്ഷിക്കുന്നുണ്ട്. (പട്ടിക- 1 കാണുക.)

## സാമ്പത്തിക സ്ഥിതിയിൽ കോവിഡ് വരുത്തുന്ന വ്യതിയാനം

2020-21 ൽ കോവിഡ് പ്രതിസന്ധി മൂലം മൊത്തം വരുമാനം 81180.5 കോടിയായി ചുരുങ്ങുമെന്നാണ് കണക്കാക്കുന്നത്. എന്നാൽ ബജറ്റിൽ പ്രതീക്ഷിക്കുന്നത് 114636 കോടി രൂപയാണ്. (ഗിഫ്റ്റ്, 2020) ഇക്കാര ണത്താൽ മൊത്തം റവന്യൂ കമ്മി 33333.9 കോടിയാകുമെന്ന് കരുതുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് ചെയ്യുന്ന മുഴുവൻ തുകയായ 15323 കോടി രൂപയും ലഭിച്ചാലുള്ള കണക്കുകളാണ് ഇത്. അതി നാൽ ബജറ്റിലെ റവന്യൂ ചെലവുകൾക്കും കോവിഡ് മൂലമുണ്ടാകുന്ന അധിക ചെലവു കൾക്കും പണം കണ്ടെത്തുന്നതിന് കൂടു തൽ വായ്പ എടുക്കുകയല്ലാതെ സംസ്ഥാന ത്തിന് മുന്നിൽ വേറെ വഴികളില്ല. സംസ്ഥാന ങ്ങളുടെ വായ്പ പരിധി മൂന്നിൽ നിന്ന് അഞ്ചു ശതമാനമായി കേന്ദ്ര സർക്കാർ ഉയർത്തിയ സാഹചര്യത്തിൽ ആ വഴിക്ക് 18087 കോടി രൂപ കൂടി അധികമായി സമാഹരിക്കാൻ സർക്കാരിന് കഴിയും. (കേരള ഗവൺമെന്റ്, 2020) നടപ്പ് സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ (ഏപ്രിൽ - ജൂൺ)

കേരളത്തെ കുറിച്ചുള്ള കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഡേറ്റ അനുസരിച്ച് റവന്യു വരുമാനത്തിൽ 30 ശതമാനത്തിന്റെ ഇടിവ് രേഖപ്പെടുത്തിയിട്ടുണ്ട്. (ഇതിന്റെ വിശദാംശങ്ങൾ പട്ടിക രണ്ടിൽ ചേർത്തിട്ടുണ്ട്.) രൂപ കണക്കിൽ കണക്കാക്കുമ്പോൾ ആദ്യ പാദത്തിലെ വരുമാന ശോഷണം 5715 കോടി രൂപയാണ്. മൊത്തം റവന്യു വരുമാനത്തിൽ നികുതി വരവിന്റെ കണക്ക് തനിച്ചെടുക്കുമ്പോൾ ലോക്ക് ഡൗൺ കാലയളവിൽ സംഭവിച്ചത് 51 ശതമാനം ഇടിവാണ്.

എന്നാൽ ഇതേ പാദത്തിൽ റവന്യു ചെലവിൽ ഉണ്ടായ വർധന 15 ശതമാനമാണ്. റവന്യു വരുമാനത്തിലെ വൻചോർച്ചയും ചെലവുകളിൽ ഉണ്ടാകുന്ന കുത്തനെയുള്ള വളർച്ചയും കാണിക്കുന്നത് കൂടുതൽ കടമെടുപ്പിലേക്ക് സംസ്ഥാനത്തിന് നീങ്ങേണ്ടി വരുമെന്നാണ്. സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത് മൊത്തം വായ്പ 112.9 ശതമാനം ഉയർന്നുവെന്നാണ്. സബ്സിഡി ചെലവുകളിൽ ഉണ്ടായ 66.7 ശതമാനം വളർച്ചയും മൂലധന ചെലവിനത്തിലെ 21.8 ശതമാനം വർധനയും ഇതിനു ആക്കം കൂട്ടുന്നുണ്ട്. 2020 ലെ ആദ്യ പാദത്തിൽ റവന്യു കമ്മി 138.9 ശതമാനമായി കുത്തനെ ഉയർന്നിട്ടുണ്ട്. ഈ വർഷം ആദ്യ മൂന്ന് മാസങ്ങളിൽ തന്നെ ധനകമ്മി ആശങ്ക ഉയർത്തുന്ന വിധത്തിൽ 112.9 ശതമാനം കണ്ട് ഉയർന്നിരിക്കുന്നു. മഹാമാരിയുടെ ഘട്ടത്തിൽ തനതായ വരുമാന വർധന എന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറെ ദുർവഹമായ ഒരു കാര്യമാണ്. അതുകൊണ്ട് സാധാരണക്കാരന്റെ ഭാഷയിൽ സംസ്ഥാനത്തിന്റെ ധനസ്ഥിതി എന്നാൽ ഇങ്ങനെ ചുരുക്കാം: വരുമാനത്തിലെ ഇടിവും ചെലവുകളിലെ അഭൂതപൂർവമായ വർധനയും കൂടുതൽ കടമെടുപ്പിലേക്ക് നയിക്കും എന്നതാണ് അത്.

■

(ഗിഫ്റ്റിലെ അസോസിയേറ്റ് പ്രൊഫസർമാരാണ് ലേഖകർ)

അവലംബം :

1. ഗിഫ്റ്റ് (2020), *ഇക്കണോമിക് ആൻഡ് ഫിസ്കൽ ഷോക്ക് ഓഫ് കോവിഡ് 19 ഓൺ കേരള സോഷ്യോ ഇക്കണോമിക് റെസ്പോൺസ് ആൻഡ് മാക്രോ ഇക്കണോമിക് റിക്കവറി*, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ, തിരുവനന്തപുരം.

2. ഗവൺമെന്റ് ഓഫ് കേരള (2020), *കോവിഡ് 19 പാന്റമിക് ആൻഡ് കേരള : എ റെസ്പോൺസ് സ്ട്രാറ്റജി*, ഫിനാൻസ് വകുപ്പ്, കേരള സർക്കാർ.

## ടാക്സ് മോണിറ്റർ

# കോവിഡിൽ  കൂപ്പ്കുത്തി മുഖ്യ നികുതിവരുമാന വഴികൾ

എൻ രാമലിംഗം, എൽ  അനിതാകുമാരി

കേരളത്തിന്റെ മൊത്തം വരുമാനത്തിന്റെ ഏകദേശം മൂന്നിൽ രണ്ടു ഭാഗവും ലഭിക്കുന്നത് നികുതി ഇനത്തിലാണ്. സംസ്ഥാനം തനതായി പിരിക്കുന്ന നികുതികൾക്ക് പുറമെ കേന്ദ്രം നൽകുന്ന വിവിധ നികുതി വിഹിതങ്ങളും ഉൾപ്പെടുന്നതാണ് ഇത്. 2018-19 സാമ്പത്തിക വർഷത്തെ വരുമാന കണക്കുകൾ പരിശോധിക്കുമ്പോൾ അതിൽ 72.7 ശതമാനവും നികുതി ഇനത്തിൽ നിന്നുള്ള വരുമാനമാണ് എന്ന് കാണാം. ജി.എസ്.ടി, പെട്രോളിയം ഉത്പന്നങ്ങളുടെ വില്പന നികുതി, മദ്യത്തിനുള്ള നികുതി, മൂല്യവർധിത നികുതി ഇനത്തിൽ കുടിശ്ശിക യായ തുക എന്നിവ ഉൾപ്പെടുന്നതാണ് പൊതുവിൽ സംസ്ഥാനത്തിന്റെ തനതായ നികുതി വരുമാനം. ഇതിനു പുറമെ സംസ്ഥാന എക്സൈസ് തീരുവ, വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ, ഭൂനികുതി, വൈദ്യുതിയിന്മേലുള്ള ഡ്യൂട്ടി, നികുതി തുടങ്ങിയ ഇനങ്ങളും ഇതിൽ ഉൾപ്പെടുന്നുണ്ട്. സ്റ്റേറ്റ് ജി.ഡി.പിയുമായി നികുതി വരുമാനത്തിന്റെ താരതമ്യം പട്ടിക ഒന്നിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2020-21 ലെ വിലനിലവാരത്തിൽ കണക്കാക്കിയിരിക്കുന്ന

**ബോക്സ് 1**

എ) ചരക്ക് സേവന നികുതി : സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് (എസ്.ജി.എസ്.ടി), ഇന്റഗ്രേറ്റഡ് ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് ( ഐ.ജി.എസ്.ടി) എന്നീ ഇനങ്ങളിൽ സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന വരുമാന കണക്കാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സെൻട്രൽ ഗുഡ്സ് ആൻഡ് സർവീസസ് ടാക്സിൽ (സി.ജി.എസ്.ടി) നിന്ന്  ഫിനാൻസ് കമ്മീഷൻ വഴി സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന തുകയും ഐ.ജി.എസ്.ടിയിൽ നിന്ന് ലഭിക്കേണ്ട വിഹിതവും ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ബി) വാണിജ്യ, വില്പന  നികുതികൾ : കേന്ദ്ര വില്പന നികുതി നിയമം, കേരള പൊതുവില്പന നികുതി നിയമം (പെട്രോൾ, ഡീസൽ, വ്യോമ ഇന്ധനം, ക്രൂഡ് ഓയിൽ, പ്രകൃതി വാതകം, മദ്യ ഇനങ്ങൾ മുതലായവ), കേരള സംസ്ഥാന മൂല്യവർധിത നികുതി എന്നിവ വഴിയുള്ള വരുമാനം.

സി) സ്റ്റാമ്പ്, രജിസ്ട്രേഷൻ ഫീസ് : ജുഡീഷ്യൽ , നോൺ ജുഡീഷ്യൽ  ഇനങ്ങളിലായി വരുന്ന വരുമാനവും  രജിസ്ട്രേഷൻ വഴിയായുള്ള വരുമാനവും.

ഡി) ഭൂനികുതി : ഭൂനികുതി, തോട്ടങ്ങൾക്ക് ഏർപെടുത്തിയിരിക്കുന്ന നികുതി എന്നിവയിൽ നിന്നുള്ള വരുമാനം.

ഇ) സംസ്ഥാന എക്സൈസ് നികുതി : നാടൻ മദ്യ ഇനങ്ങൾ, വിദേശ മദ്യം, സ്പിരിറ്റ് തുടങ്ങിയ ഇനങ്ങൾക്കുള്ള എക്സൈസ് തീരുവ വഴിയുള്ള വരുമാനം.

എഫ്) മറ്റു നികുതികളും തീരുവകളും : കാർഷികാദായ നികുതി, കാർഷികാദായ നികുതി ഒഴിച്ച് വസ്തുവകകളിൽ നിന്ന് ലഭിക്കുന്ന മറ്റ് നികുതികൾ, വാഹന നികുതി, യാത്രക്കാർക്കും ചരക്കുകൾക്കും ഏർപ്പെടുത്തിയിട്ടുള്ള നികുതി, വൈദ്യുതിക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതി, ഡ്യൂട്ടി മുതലായവ. വാഹന നികുതിയാണ് ഇതിൽ മുഖ്യമായത്.

ജി) കേന്ദ്ര നികുതികൾ, ഡ്യൂട്ടികൾ എന്നിവയിലെ സംസ്ഥാന വിഹിതം : കോർപറേഷൻ ടാക്സ്, ഇതൊഴിച്ചുള്ള ആദായ നികുതി തുടങ്ങിയവയിലെ സംസ്ഥാന വിഹിതം, സ്വത്ത് നികുതിയിലെ സംസ്ഥാന വിഹിതം, കസ്റ്റംസ്, കേന്ദ്ര എക്സൈസ് നികുതി, സേവന നികുതി തുടങ്ങിയ ഇനങ്ങളിലെ സംസ്ഥാന വിഹിതം. (ഇതിൽ എ യിൽ പറഞ്ഞിരിക്കുന്ന ജി.എസ്.ടിയിലെ സംസ്ഥാന വിഹിതം ഉൾപ്പെടുന്നില്ല.)

കുറിപ്പ് : ജി.എസ്.ടി നിയമം 2017 ജൂലൈ മുതൽ നടപ്പായെങ്കിലും 2018 ഒക്ടോബർ മാസം വരെയുള്ള കണക്കുകളിൽ എ വിഭാഗത്തിൽ പെടുന്ന വരുമാനവും ജി വിഭാഗത്തിൽ വരുന്ന വരുമാനവും ചേർത്ത് മറ്റു നികുതികളും തീരുവകളും (എഫ്) എന്ന വിഭാഗത്തിലാണ് കൊടുത്തിരിക്കുന്നത്.

അതുകൊണ്ട് 2018 ഒക്ടോബർ വരെ ഈ വിഭാഗങ്ങളിൽ ചേർത്തിരിക്കുന്ന വരുമാന കണക്കുകൾ അത്ര കൃത്യതയോടെയുള്ളവ ആയിരിക്കണമെന്നില്ല.

തനുസരിച്ചാണ് കഴിഞ്ഞ ബജറ്റ് തയാറാക്കിയിരിക്കുന്നത്. (പട്ടിക 1). എന്നാൽ കോവിഡ് മഹാമാരി നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ നികുതി വരുമാനത്തെ തകിടം മറിച്ചിരിക്കുന്നു എന്നത് വ്യക്തമാണ്.

**സംസ്ഥാന നികുതി ഇനങ്ങൾ**

*1. ജി.എസ്.ടി :* ഇന്ത്യയിൽ ജി.എസ്.ടി നടപ്പാക്കിയ ആദ്യ വർഷത്തിൽ സംസ്ഥാനത്തിന്റെ ഈ ഇനത്തിലുള്ള വരുമാനം 14302 കോടി രൂപയാണ്. സ്റ്റേറ്റ് ജി.എസ്.ടിയും ഐ.ജി.എസ്.ടി ഇനത്തിലെ വിഹിതവും ചേർത്തുള്ള തുകയാണ് ഇത്. ജി.എസ്.ടി നഷ്ടപരിഹാരമായി 2102 കോടി രൂപയും ലഭ്യമായി. 2017 ജൂലൈ ഒന്ന് മുതൽ 2018 മാർച്ച് 31 വരെയുള്ള കണക്കാണ് ഇത്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ വരുമാനം 24651 കോടി രൂപയും നഷ്ടപരിഹാരം 3532 കോടി രൂപയുമാണ്. 2019-20 ൽ നേരിയ മുന്നേറ്റമാണ് പ്രകടമായത്. നികുതി പിരിവ് 25864.9 കോടിയും ജി.എസ്.ടി നഷ്ടപരിഹാരം 3532 കോടിയുമായി രുന്നു എന്ന് കാണാം. നടപ്പ് സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ പ്രതീക്ഷി ക്കുന്ന വരുമാനം 32388 കോടി രൂപയാണ്.

*2. വിൽപ്പന നികുതിയും വാറ്റും :* 2018-19 ലെ കണക്കുകൾ നോക്കിയാൽ ജി.എസ്.ടി പരിധിയിൽ വരാത്ത ഉൽപ്പന്നങ്ങളായ പെട്രോളിയം ഉൽപ്പന്നങ്ങളുടെയും മദ്യത്തിന്റെയും നികുതിയും വാറ്റ് ഇനത്തിലെ കുടിശ്ശികയും ചേർത്തുള്ള വരുമാനം 19225.8 കോടി രൂപയാണ്. സംസ്ഥാന ത്തിന്റെ തനതായ മൊത്തം നികുതി വരുമാനത്തിന്റെ 37.9 ശതമാനം വരുമിത്.

*3. എക്സൈസ് ഡ്യൂട്ടി :* കേരളത്തിൽ മദ്യത്തിന്റെ ഉൽപ്പാദന പോയിന്റിൽ പിരിക്കുന്ന നികുതിയാണ് എക്സൈസ് തീരുവ. 2018-19 ൽ ഈ ഇനത്തിൽ പിരിച്ചത് 2541.4 കോടി രൂപയാണ്.

*4. സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷനും:* 2018-19 ൽ ഈ ഇനത്തിൽ സമാഹരിച്ചത് 3693.2 കോടി രൂപയാണ്.

*5. ഭൂനികുതി :* 202.78 കോടി രൂപയാണ് ഭൂനികുതിയായി 2018-19 സാമ്പത്തിക വർഷത്തിൽ സമാഹരിച്ചത്. കേരളത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 0.40

**Table 1.** Components of tax revenue and their share in GSDP

| Sl. No. | Particulars | Rs. Crore | | | Percentage share on GSDP | | |
|---|---|---|---|---|---|---|---|
| | | 2020-21 (BE) | 2019-20 (RE) | 2018-19 (Accounts) | 2020-21(BE) | 2019-20 (RE) | 2018-19 (Accounts) |
| 1 | Revenue Receipts | 114636 | 99043 | 92854 | 11.72 | 11.36 | 11.88 |
| 2 | Tax Revenue | 88355 | 74671 | 69682 | 9.03 | 8.57 | 8.91 |
| 3 | Own Tax Revenues | 67420 | 55671 | 50644 | 6.89 | 6.39 | 6.48 |
| 4 | GST | 32388 | 23690 | 21015 | 3.31 | 2.72 | 2.69 |
| 5 | Sales Tax and VAT | 23623 | 21148 | 19226 | 2.42 | 2.43 | 2.46 |
| 6 | Land Revenue | 376 | 305 | 203 | 0.04 | 0.03 | 0.03 |
| 7 | Excise Duty | 2801 | 2610 | 2521 | 0.29 | 0.3 | 0.32 |
| 8 | Stamp and Registration | 4306 | 3915 | 3693 | 0.44 | 0.45 | 0.47 |
| 9 | Motor Vehicle Tax | 3968 | 3709 | 3709 | 0.41 | 0.43 | 0.47 |
| 10 | Other Taxes | 694 | 295 | 278 | 0.07 | 0.03 | 0.04 |
| 11 | Share in Taxes | 20935 | 19000 | 19038 | 2.14 | 2.18 | 2.44 |
| 12 | GST Compensation | | 4721 | 2884 | | | |
| 13 | GSDP | 978064 | 871534 | 781653 | | | |

Source: Computed from Budget Documents Data, Govt. of Kerala 2020-21.
*BE-Budget Estimate, RE-Revised Estimate

**Table 2.** Tax revenue 2020 - Quarter -1 (Rs.Crores)

| Sl. No. | Particulars | April to June 2020 | April to June 2019 | Revenue difference (+/-) 2020 over 2019 | Growth Rate 2020 over 2019 |
|---|---|---|---|---|---|
| 1 | GST | 2990.29(39.70) | 6596.62(42.44) | -3606.3 | -54.7 |
| 2 | Taxes on sales, Trade* | 1600.18(21.24) | 4131.25(26.58) | -2531.1 | -61.3 |
| 3 | Stamp duty and registration | 418.24(5.55) | 840.19(5.41) | -422.0 | -50.2 |
| 4 | Land Revenue | 101.84(1.35) | 79.38(0.51) | 22.5 | 28.3 |
| 5 | State Excise duties | 374.29(4.97) | 568.8(3.66) | -194.5 | -34.2 |
| 6 | Other Taxes and Duties** | 346.47(4.60) | 975.12(6.27) | -628.7 | -64.5 |
| 7 | States share of Union Taxes | 1701.8(22.59) | 2350.35 (15.12) | -648.6 | -27.6 |
| 8 | Total Tax Revenue (Quarter1) | 7533.11 (100) | 15541.71 (100) | -8008.6 | -51.5 |

* Includes tax on vehicles, electricity duty and other taxes

** Figures in the parenthesis shows percentage share

Source: Computed from C&AG Data

***2020 -21 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ (ഏപ്രിൽ - ജൂൺ) നികുതി വരുമാനത്തിൽ 8008 കോടി രൂപയുടെ കുറവ് രേഖപ്പെടുത്തിയിരിക്കുന്നു. 2019-20 ലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 51.5 ശതമാനം ഇടിവാണ് നികുതി വരവിൽ ഉണ്ടായിരിക്കുന്നത് എന്ന് കാണാം.***

ശതമാനമായിരുന്നു ഇത്.

*6. വാഹന നികുതി :* മോട്ടോർ വാഹന നികുതി ഇനത്തിലായി 2018-19 ൽ കളക്റ്റ് ചെയ്തത് 3708.6 കോടി രൂപയാണ്.

*7. മറ്റു നികുതികൾ :* വൈദ്യുതിയിന്മേലുള്ള ടാക്സ്, ഡ്യൂട്ടി, ചരക്കുകൾ, യാത്രക്കാർ തുടങ്ങിയ ഇനങ്ങളിലെ നികുതികളും മറ്റു നികുതികളും എല്ലാം ചേർത്ത് 2018-19 ൽ സമാഹരിച്ചത് 277.7 കോടി രൂപയാണ്.

## നികുതി വരുമാനം ആദ്യ പാദത്തിൽ

കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ (സി ആൻഡ് എ.ജി) നടപ്പ് വർഷത്തെ സംസ്ഥാന ങ്ങളുടെ വരുമാനം സംബന്ധിച്ച ആഡിറ്റ് ചെയ്യാത്ത കണക്കുകൾ പുറത്തു വിട്ടിട്ടുണ്ട്. ഇത് പട്ടിക 2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ (ഏപ്രിൽ-ജൂൺ) മിക്ക നികുതി ഇനങ്ങളി ലെയും വരുമാനം കുറഞ്ഞതായി കണക്കു കൾ വ്യക്തമാക്കുന്നു. ഭൂനികുതി മാത്രമാണ് ഇതിന് അപവാദമായി നിലകൊള്ളുന്നത്. ജി.എസ്.ടി വഴിയുള്ള വരുമാനം 54.7 ശതമാനം കുറഞ്ഞിരിക്കുന്നു. വില്പന നികുതി ഇനത്തിലാകട്ടെ ഇടിവ് 61 ശതമാനമാണ്. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ, മറ്റു നികുതി ഇനങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള വരവാകട്ടെ 50 ശതമാനം ഇടിഞ്ഞിരിക്കുന്നു. അതായത് 2020-21 വർഷത്തിന്റെ ആദ്യ പാദത്തിൽ മാത്രം നികുതി വരുമാനത്തിൽ സംഭവിച്ച കുറവ് 8008 കോടി രൂപയാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ആദ്യ പാദവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി വരുമാനം 51.5 ശതമാനം കുറഞ്ഞിരിക്കുന്നു എന്നർത്ഥം.

ഈ വർഷം ഏപ്രിൽ മാസത്തിൽ ജി.എസ്. ടി ഇനത്തിലെ വരവ് 78.5 ശതമാനം (1890.3 കോടി രൂപ) കുറഞ്ഞിട്ടുണ്ട്. മെയിൽ ഇത് 51.4 ശതമാനവും (1038.9 കോടി) ജൂണിൽ 31.2 ശതമാനവും (677.1 കോടി) കുറഞ്ഞതായി കണക്കുകൾ വ്യക്തമാക്കുന്നു. സമാനമായ രീതിയിലുള്ള ഇടിവ് വില്പന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി രജിസ്ട്രേഷൻ, മറ്റു നികുതികൾ,

**ജി.എസ്.ടി നഷ്ടപരിഹാരം**

2017 ൽ പാസാക്കിയ ജി.എസ്.ടി (കോമ്പൻസേഷൻ ടു സ്റ്റേറ്റ്സ്) ആക്റ്റ്, ജി.എസ്. ടി നടപ്പാക്കുന്നത് മുതൽ അഞ്ചു വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകുന്ന നികുതി നഷ്ടം പൂർണ്ണമായും നികത്തി കൊടുക്കും എന്ന് വ്യക്തമായ ഉറപ്പ് നൽകുന്നു. ജി എസ് ടി വഴി സമാഹരിക്കുന്ന നികുതിയും 14 ശതമാനം വീതം വാർഷിക വളർച്ച നികുതിയിൽ കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പ്രതീക്ഷിക്കുന്ന നികുതി വരുമാനവും തമ്മിലുള്ള വ്യത്യാസമാണ് നികുതി നഷ്ടം എന്നത് കൊണ്ട് വിവക്ഷിക്കുന്നത്. 2015 -16 വർഷത്തെ അടിസ്ഥാന വർഷമായി (ബേസ് ഇയർ) ആയി കരുതിയാണ് ഇത് കണക്കാക്കുന്നത്. ജി.എസ്.ടി കോമ്പൻസേഷൻ സെസ്സ് പിരിച്ചാണ് ഇതിനുള്ള പണം കണ്ടെത്തുന്നത്. ഇതിനായി ആഡംബര കാറുകൾ, പുകയില ഉത്പന്നങ്ങൾ, സിഗരറ്റ്, പാൻ മസാല, എയറേറ്റഡ് ഡ്രിങ്കുകൾ തുടങ്ങിയ ഉത്പന്നങ്ങൾക്ക് സെസ്സ് ചുമത്തിയിരിക്കുന്നു.

***19225.8 കോടി രൂപയാണ് ജി.എസ്.ടി പട്ടികയിൽ ഉൾപ്പെടാത്ത ഉൽപ്പന്നങ്ങളായ പെട്രോൾ, ഡീസൽ, മദ്യം, വാറ്റ് കുടിശിക തുടങ്ങിയ ഇനങ്ങളിലായി 2018-19 ൽ പിരിക്കാൻ കഴിഞ്ഞത്. സംസ്ഥാനത്തിന്റെ തനതായ നികുതി വരുമാനത്തിന്റെ 37.9 ശതമാനം വരും ഇത്.***

ഡ്യൂട്ടികൾ എന്നിവയിലും ഉണ്ടായതായി കാണാം. എന്നാൽ 2019 ജൂൺ മാസത്തെ അപേക്ഷിച്ച് ഈ ജൂണിൽ ഭൂനികുതിയുടെ കാര്യത്തിൽ പോസിറ്റീവായ മാറ്റം പ്രകടമാണ്. (പട്ടിക-2). ജി.എസ്.ടി നഷ്ടപരിഹാരം കേന്ദ്രസർക്കാർ യഥാസമയം നൽകാതിരിക്കുന്നത് മൂലവും നികുതി വരുമാനം സാരമായി കുറയുന്നതും കേരളത്തിന്റെ സാമ്പത്തിക നിലയെ പ്രതികൂലമായ സഹചര്യത്തിലേക്ക് നയിച്ചിരിക്കുകയാണ്. സാമ്പത്തിക മാന്ദ്യവും കോവിഡ് മഹാമാരിയും കാര്യങ്ങൾ രൂക്ഷമാക്കുമ്പോൾ സംസ്ഥാനം കേന്ദ്രത്തെ കൂടുതലായി ആശ്രയിക്കേണ്ട നിലവന്നു ചേരുകയാണ്. ജി.എസ്.ടി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള കാലവിളംബം സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പിന്നോട്ടടിക്കുന്നുണ്ട്. ഇത് നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക ഫെഡറലിസത്തിന് വലിയ ഭീഷണിയാണ് ഉയർത്തുന്നത്.

■

(ഗിഫ്റ്റിലെ അസോസിയേറ്റ് പ്രൊഫസർമാരാണ് ലേഖകർ)

## പ്രൈസ് മോണിറ്റർ

# കോവിഡ് കാലത്തും വില നിയന്ത്രിച്ച് കേരളം, വിലക്കയറ്റം ദേശീയ ശരാശരിയേക്കാൾ താഴെ

പ്യാരേലാൽ രാഘവൻ, ജോർജ് ജോസഫ്

കോവിഡ് പ്രതിസന്ധി ഉപഭോക്തൃ വിലകളെ ഒരിക്കൽ കൂടി ദേശീയ ശ്രദ്ധയിലേക്ക് കൊണ്ട് വരികയാണ്. ഏപ്രിൽ, മെയ് മാസങ്ങളിലെ ഇടവേളക്ക് ശേഷം നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫിസ് (എൻ.എസ്.ഒ) 2020 ജൂൺ, ജൂലൈ മാസത്തെ ഉപഭോക്തൃ വില സൂചിക പ്രസിദ്ധപ്പെടുത്തിയിരുന്നു. ഉപഭോക്തൃ വിലസൂചിക അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പനിരക്ക് ജൂലൈ മാസത്തിൽ 6.9 ശതമാനം എന്ന നിലയിലേക്ക് ഉയർന്നു. തൊട്ടു മുൻപത്തെ മാസം, അതായത് ജൂണിൽ ഇത് 6.2 ശതമാനവും മാർച്ചിൽ 5.8 ശതമാനവുമായിരുന്നു. റിസർവ് ബാങ്ക് ആറു ശതമാനത്തിനകത്ത് പണപ്പെരുപ്പനിരക്ക് നിയന്ത്രിച്ചു നിർത്തണമെന്ന ലക്ഷ്യം മുന്നോട്ട് വച്ചിരിക്കുന്നുവെങ്കിലും ജൂണിലും ജൂലൈയിലും അത് ആറ് ശതമാനത്തിന് മുകളിലായിരിക്കുന്നു. എൻ.എസ്.ഒയുടെ ഡേറ്റ പ്രകാരം ഗ്രാമീണ മേഖലയിൽ പണപ്പെരുപ്പം ഏഴു ശതമാനമാണ്. അർബൻ മേഖലയിൽ ഇത് 6.8 ശതമാനവുമാണ്.

ഭക്ഷ്യ വസ്തുക്കളിലെ പണപ്പെരുപ്പത്തിന്റെ നിരക്ക് ജൂലൈയിൽ 9.6 ശതമാനമാണ്. എന്നാൽ ജൂണിൽ ഇത് 8.7 ശതമാനം മാത്രമായിരുന്നു. ഭക്ഷ്യ വസ്തുക്കളുടെ വിതരണ രംഗത്ത് ഉണ്ടായ പ്രശ്നങ്ങൾ ഇതിനു മുഖ്യ കാരണമാണ്. ദേശീയ തലത്തിലെ കണക്കുകൾ പരിഗണിക്കുമ്പോൾ ഇറച്ചി, മൽസ്യം തുടങ്ങിയ ഇനങ്ങളുടെ വിലയിൽ പ്രകടമായ വർധന 18.8 ശതമാനമാണ്. പരിപ്പ്, പയർ വർഗങ്ങളുടെ വിലയിൽ ഉണ്ടായത് 15.9 ശതമാനം വില വർധനവാണ്. ഭക്ഷ്യ എണ്ണകളുടെ രംഗത്ത് 12.4 ശതമാനവും പച്ചക്കറികളുടെ കാര്യത്തിൽ 11.3 ശതമാനവും സുഗന്ധ വ്യഞ്ജനങ്ങളുടെ കാര്യത്തിൽ 13.3 ശതമാനവുമാണ് ദേശീയ തലത്തിലെ വിലക്കയറ്റത്തിന്റെ തോത്. എൻ.എസ്.ഒ യുടെ കണക്കുകൾ അനുസരിച്ച് പേർസണൽ കെയർ ഉത്പന്നങ്ങളുടെ വില ജൂലൈയിൽ 13.3 ശതമാനവുമാണ് ശരാശരി കൂടിയത്.

കോവിഡ് മഹാമാരിയുടെ സാഹചര്യം വിപണിയിൽ നിന്നുള്ള വിവര ശേഖരണത്തെ പ്രതികൂലമായി ബാധിച്ചതായി എൻ.എസ്.ഒ വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംസ്ഥാന

***എൻ.എസ്.ഒ ഡേറ്റ അനുസരിച്ച് ജൂൺ മാസത്തിൽ അവശ്യ വസ്തുക്കളുടെ വിലനിലവാരം ഉയർച്ച പ്രകടമാക്കി. പണപ്പെരുപ്പം ഏഴു ശതമാനത്തിന് അടുത്തെത്തിയപ്പോൾ മിക്ക സാധനങ്ങളുടെയും വിലയിൽ വർധന ഉണ്ടായി. ഗ്രാമീണ മേഖലയിൽ പണപ്പെരുപ്പം ഏഴു ശതമാനം തൊട്ടപ്പോൾ അർബൻ മേഖലയിൽ 6 .8 ശതമാനമാണ്. സർക്കാരിന്റെ ശക്തമായ വിപണി ഇടപെടൽ കേരളത്തിൽ വില നിയന്ത്രിച്ചു നിർത്താൻ സഹായകമായി.***

തലത്തിലെ വിലക്കയറ്റ സൂചിക നിർണയത്തെ അസാധ്യമാകുന്നുവെന്ന് എൻ.എസ്.ഒ വ്യക്തമാക്കുന്നു. അതുകൊണ്ട് നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ മൂന്ന് മാസ കാലയളവിൽ കേരളം ഉൾപ്പടെയുള്ള സംസ്ഥാനങ്ങളുടെ പ്രത്യേക വിലക്കയറ്റ സൂചികകൾ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടില്ല.

**കേരളത്തിന്റേത് വ്യത്യസ്ത ചിത്രം**

എന്നാൽ കേരളത്തിൽ എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം തയാറാക്കിയ ജൂണിലെ വില നിലവാര കണക്കുകൾ മറ്റൊരു ചിത്രമാണ് നൽകുന്നത്. ഇതനുസരിച്ച് ജൂണിൽ അവശ്യ സാധനങ്ങളുടെ വിലകൾ നേരിയ തോതിൽ കുറയുന്ന പ്രവണതയാണ് പ്രകടമാക്കിയത്. ഇത് കാര്യമായി പ്രകടമായത് സുഗന്ധ വ്യഞ്ജന വസ്തുക്കളുടെ രംഗത്താണ്. മറ്റ് അവശ്യ സാധനങ്ങളുടെ വിലയിലും കുറവാണ് കണ്ടതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ജൂലൈ മാസത്തിലും പൊതുവെ വിലനിലവാരം താഴുന്ന പ്രവണതയാണ് പ്രകടമാക്കിയത്. ജൂലൈയിൽ അരി, കോഴിയിറച്ചി തുടങ്ങിയ ഇനങ്ങളുടെ കാര്യത്തിൽ വില നല്ല തോതിൽ കുറഞ്ഞു നിന്നുവെങ്കിലും പച്ചക്കറികളുടെ വില അല്പം ഉയർന്ന തോതിലായിരുന്നു. കോവിഡ് കാലത്തേ സാമ്പത്തിക ദുരിതം മറികടക്കുന്നതിന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വിവിധ പദ്ധതികളും ക്ഷേമ പെൻഷനുകളുടെ സമയബന്ധിതമായ വിതരണവും കേരളത്തിലെ മാർക്കറ്റുകൾക്ക് വലിയ പ്രതിസന്ധിയിൽ നിന്ന് കരകയറാൻ സഹായകമായിട്ടുണ്ട്. പൊതുവെ നിലനിന്നിരുന്ന സാമ്പത്തിക മാന്ദ്യം കോവിഡ് രൂക്ഷമാക്കിയത് വ്യക്തിഗത വരുമാനത്തിൽ കുറവുണ്ടാകുന്നതിനു നിദാനമായി. ദിവസ വേതനക്കാരുടെ കാര്യത്തിലാണ് ഇത് ഏറെ ദുർവഹമായത്. ഇത് മാർക്കറ്റ് ഡിമാന്റിൽ കാര്യമായ സ്വാധീനമുണ്ടാക്കിയെങ്കിലും വിതരണ രംഗത്ത് സർക്കാരിന്റെ സമർത്ഥമായ ഇടപെടൽ സമ്പദ്ഘടനയെ സജീവമാ ക്കാൻ സഹായകമായിട്ടുണ്ട്. ഇതു മൂലം ജൂണിലും ജൂലൈയിലും വിലനിലവാരം കുറഞ്ഞ തോതിൽ നിലനിർത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. (പട്ടിക - 1)

ജൂണിലെ ട്രെൻഡ് നോക്കുമ്പോൾ കേരളത്തിൽ വിലനിലവാരത്തിലെ ഉയർച്ചയുടെ തോത് ദേശീയ നിലവാരത്തെക്കാളും താഴ്ന്ന തലത്തിലാണ്. ഭക്ഷ്യ സാധനങ്ങളുടെ കാര്യത്തിലാണ് ഈ ട്രെൻഡ് കൂടുതൽ വ്യക്തമായത്. ജൂണിൽ ദേശീയ തലത്തിൽ ധാന്യങ്ങളുടെ വിലക്കയറ്റം 6.5 ശതമാനമായിരുന്നെങ്കിൽ കേരളത്തിൽ ഇത് അഞ്ചു ശതമാനം മാത്രമായിരുന്നു. ഇറച്ചി, മുട്ട തുടങ്ങിയ ഇനങ്ങളുടെ കാര്യത്തിലും ദേശീയ നിലവാരത്തെക്കാൾ താഴ്ന്ന വിലയാണ് സംസ്ഥാനത്ത് കണ്ടത്. എന്നാൽ പയർ, പരിപ്പ് വർഗങ്ങളുടെ കാര്യത്തിൽ കേരളത്തിൽ ദേശീയ ശരാശരിയേക്കാൾ

**Table 1 -** A Comparison of average prices of essential commodities in May and June 2020. Price /Kg

| Item | May | June |
|---|---|---|
| Rice & Wheat | 39.45 | 38.76 |
| Pulses | 102.99 | 99.83 |
| Edible oils | 145.53 | 143.61 |
| Spices | 258.23 | 159.70 |
| Other Items | 239.74 | 237.87 |

***കേരളത്തിൽ അരി, സുഗന്ധ വ്യഞ്ജനങ്ങൾ, ഇറച്ചി തുടങ്ങിയ സാധനങ്ങൾക്ക് വില കുറയുകയോ, സ്റ്റെഡിയായി നില കൊള്ളുകയോ ചെയ്തു. വിതരണ ശൃംഖല ശക്തമാക്കി നിലനിർത്താൻ കഴിഞ്ഞതാണ് ഇതിനു പ്രധാന കാരണം. പച്ചക്കറി, പഴ വർഗ്ഗങ്ങൾ എന്നിവയുടെ വിലയിൽ നേരിയ തോതിൽ വില മുന്നേറ്റം കണ്ട്. ആഭ്യന്തര ഉത്പാദനം കൂട്ടാൻ കഴിഞ്ഞത് മൂലം ഈ രംഗത്ത് സപ്ലൈ പ്രതിസന്ധി ഉണ്ടായില്ല.***

ഉയർന്ന വിലക്കയറ്റം അനുഭവപ്പെട്ടിരുന്നു.

ജൂൺ മാസത്തിൽ മെയ് മാസത്തെ അപേക്ഷിച്ച് മേൽത്തരം അരി ഇനങ്ങളുടെ വിലയിൽ ശരാശരി 1.8 ശതമാനം കുറവുണ്ടായി. എന്നാൽ കഴിഞ്ഞ വർഷം ജൂണിലെ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ 4.2 ശതമാനം വിലക്കയറ്റം പ്രകടമായിരുന്നു. ജൂണിൽ ഗോതമ്പ് വില 1.16 ശതമാനം വില കുറഞ്ഞിരുന്നു. മിക്ക സുഗന്ധ വ്യഞ്ജന ഇനങ്ങളുടെ വിലയിലും ഇടിവ് പ്രകടമായിരുന്നു. പഞ്ചസാര, തേയില, കാപ്പി, എണ്ണ, എണ്ണക്കുരുക്കൾ, പുകയില, വ്യക്തിഗത ഉൽപ്പന്നങ്ങൾ, തുണിത്തരങ്ങൾ തുടങ്ങിയ ഇനങ്ങളിൽ ജൂൺ മാസത്തിൽ വില മുന്നേറ്റം പ്രകടമായി. സുഗന്ധ വ്യഞ്ജനങ്ങളിൽ വറ്റൽ മുളക്, വെളുത്തുള്ളി എന്നീ ഇനങ്ങളുടെ വിലയിൽ യഥാക്രമം 35.9 ശതമാനം, 16.7 ശതമാനം വീതം വില മുന്നേറ്റം ഉണ്ടായി.

എന്നാൽ ജൂൺ മാസത്തിൽ കേരളത്തിൽ പച്ചക്കറി ഇനങ്ങളുടെ വിലയിൽ 1.9 ശതമാനത്തിന്റെ നേരിയ മുന്നേറ്റമാണ് കണ്ടത്. എന്നാൽ ചില പച്ചക്കറി ഇനങ്ങളുടെ കാര്യത്തിൽ വില കാര്യമായി കുറഞ്ഞിരുന്നു. കാബേജ്, പച്ചമുളക്, മത്തൻ, തക്കാളി, പടവലം, വെണ്ട, പാവയ്ക്കാ, വഴുതന തുടങ്ങിയ പല ഇനങ്ങളുടെയും വിലയിൽ കുറവ് പ്രകടമായിരുന്നു. പഴവർഗങ്ങളുടെ കാര്യത്തിലും വിപണി സമ്മിശ്രമായാണ് പ്രതികരിച്ചതെന്ന് കാണാം. പച്ചക്കറികൾ, പഴങ്ങൾ എന്നിവയുടെ ആഭ്യന്തര ഉൽപ്പാദനം ഉയർത്താൻ സർക്കാർ നടത്തിയ തീവ്രശ്രമങ്ങൾ വിലക്കയറ്റത്തിന് തടയിടാൻ കഴിഞ്ഞ ഒരു കാരണമാണ്. ഇറച്ചി, മുട്ട തുടങ്ങിയ ഇനങ്ങളുടെ വിലയും കുറയുന്നതിന് ഈ ഇടപെടൽ ഏറെ ഗുണം ചെയ്തതായി കാണാനാകും. ■

(കേരള ഇക്കോണമിയുടെ കൺസൾട്ടിങ് എഡിറ്റർ മാരാണ് ലേഖകർ.)

Reference

Government of Kerala (2020), *Price Bulletin, June 2020,* Prices Division, Department of Economics and Statistics, Thiruvananthapuram.

## ലേബർ  & എംപ്ലോയ്മെന്റ്

# കേരളത്തിലെ തൊഴിൽ മേഖല നേരിടുന്ന വെല്ലുവിളികൾ

എ വി ജോസ്

കേരളത്തിന്റെ തൊഴിൽ മേഖലയിലെ അനുമാന കണക്കുകൾ ദേശീയതലത്തിലുള്ള കണക്കുകളുമായുള്ള താരതമ്യത്തിലേക്ക് വെളിച്ചം വീശുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. ഇതിനായി ഉപയോഗിച്ചിരിക്കുന്നത് 2018–19 വർഷത്തിൽ കേന്ദ്ര സർക്കാർ നടത്തിയ തൊഴിൽ രംഗത്തെ കുറിച്ചുള്ള സർവേയുടെ (പീരിയോഡിക് ലേബർ ഫോഴ്സ് സർവെ – പി.എൽ.എഫ്.എസ്) ഏറ്റവും പുതിയ വിവരങ്ങളാണ്. ഓരോ സംസ്ഥാനത്തിന്റെയും തൊഴിൽ മേഖലയെ സംബന്ധിച്ച ത്രൈമാസ വിവരങ്ങൾ തയാറാക്കുന്നതിനുള്ള വിപുലമായ അനുമാനക്കണക്ക് പി.എൽ.എഫ്.എസ് മുഖേന തയാറാക്കുന്നു. ഇതനുസരിച്ചു സംസ്ഥാനത്തെ തൊഴിൽ എടുക്കാൻ കഴിയുന്ന ഗ്രൂപ്പിലുള്ളവരുടെ എണ്ണം 24.1 ദശലക്ഷമാണ്. ഇതിൽ 11.1 ദശലക്ഷം പേർ പുരുഷന്മാരും 13 ദശലക്ഷം പേർ സ്ത്രീകളുമാണെന്ന് കാണാം. ഇതിൽ തന്നെ തൊഴിലുള്ളവരും ഇല്ലാത്തവരും തൊഴിലാളി സഞ്ചയത്തിന് പുറമെയുള്ളവരും ഉൾപ്പെടുന്നുണ്ട്. ഏതെങ്കിലും വിധത്തിലുള്ള വരുമാനത്തിനായി തൊഴിലെടുക്കുന്നവരും അല്ലാത്തവരുമായ തൊഴിലാളികളുടെ എണ്ണം കേരളത്തിൽ 11.4 ദശലക്ഷമാണ്. ഇതിൽ 7. 8 ദശലക്ഷം പേർ പുരുഷന്മാരും 3.4 ദശലക്ഷം പേർ സ്ത്രീകളുമാണ്.

***കേരളത്തിലെ അർബൻ മേഖലയിലെ ജനസംഖ്യ ദേശീയ ശരാശരിയേക്കാൾ മുകളിലാണ്. ദേശീയ തലത്തിൽ ഇത് 31 ശതമാനമായിരിക്കുമ്പോൾ കേരളത്തിൽ 48 ശതമാനമാണ്. എന്നാൽ അർബൻ മേഖലയിലെ ഉയർന്ന ജനസംഖ്യ എന്ന മുൻതൂക്കം സ്ത്രീകളുടെ തൊഴിൽ ലഭ്യതയിലേക്ക് പരിവർത്തനം ചെയ്യാൻ കേരളത്തിന് ഇനിയും കഴിഞ്ഞിട്ടില്ല.***

സർവെ ആണ് ഇത്. ഏറ്റവും ഒടുവിൽ നടന്ന സർവെ, കോവിഡ് മഹാമാരി യുടെ ആഘാതം ഉണ്ടാകുന്നതിന് മുൻപുള്ള സാധാരണ സാഹചര്യങ്ങളിൽ നടന്നതാണ്.

സെൻസസ് കണക്കുകൾ അനുസരിച്ച് കേരളത്തിന്റെ മൊത്തം ജനസംഖ്യ 34.5 ദശലക്ഷമാണ്. എന്നാൽ സംസ്ഥാനത്ത് സ്ഥിരതാമസമാക്കിയവരുടെ കണക്ക് 30.1 ദശലക്ഷമാണ് (പട്ടികയിലെ ഒന്നാം വരി). ഓരോ സംസ്ഥാനത്തിന്റെയും ജനസംഖ്യയുടെയും 15 വയസിന് മുകളിലുള്ള തൊഴിലെടുക്കാൻ പ്രാപ്തരായ ആളുകളുടെ

തൊഴിൽ എടുക്കുന്നതിന് പ്രാപ്തരായവരുടെ ഗ്രൂപ്പിൽ പെടുന്ന തൊഴിൽ ഉള്ളവരും ഇല്ലാത്തവരുമായ ആളുകളുടെ എണ്ണം മൊത്തം ജനസംഖ്യയുടെ എത്ര ശതമാനം എന്നതിനെയാണ് തൊഴിലെടുക്കാൻ പ്രാപ്തരായവരുടെ പങ്കാളിത്ത നിരക്ക് (ലേബർ ഫോഴ്സ് പാർട്ടിസിപ്പേഷൻ റേറ്റ് അഥവാ എൽ.എഫ്.പി.ആർ) എന്ന് വിവക്ഷിക്കുന്നത്. തൊഴിൽ സംബന്ധിച്ച എല്ലാ ചർച്ചകളിലെയും ഒരു

**Table 1.** Estimates of population, labour force, employment and unemployment in Kerala and India, 2018-19.

| Sl. No | | Kerala | India |
|---|---|---|---|
| 1 | Estimated Resident Population (million) | 30.1 | 1078.1 |
| 2 | Population aged 15 + years - Million - Men | 11.1 | 404.2 |
| 3 | Population aged 15 + years - Million - Women | 13.0 | 398.4 |
| 4 | Percentage of urban population in 2011 | 47.7 | 31.2 |
| 5 | Labour force participation (%) of Men (15+ years) | 69.8 | 74.9 |
| 6 | Labour force participation (%) of Women (15+ years) | 28.3 | 21.6 |
| 7 | Share of workers (%) in Primary Sector - Men | 19.7 | 37.4 |
| 8 | Share of workers (%) in Primary Sector - Women | 18.3 | 49.7 |
| 9 | Share of workers (%) in Secondary Sector - Men | 33.0 | 27.1 |
| 10 | Share of workers (%) in Secondary Sector - Women | 26.5 | 20.5 |
| 11 | Share of workers (%) in Tertiary Sector - Men | 47.2 | 35.4 |
| 12 | Share of workers (%) in Tertiary Sector - Women | 55.2 | 29.8 |
| 13 | Share of workers (%) regular wage/salary - Men* | 27.1 | 25.2 |
| 14 | Share of workers (%) regular wage/salary - Women* | 46.4 | 25.3 |
| 15 | Regular workers with social security (%) Men** | 55.7 | 51.2 |
| 16 | Regular workers with social security (%) Women** | 52.5 | 54.4 |
| 17 | Unemployment rate (%) among Men (15+ years) * | 8.0 | 8.7 |
| 18 | Unemployment rate (%) among Women (15+years) * | 19.8 | 8.7 |
| 19 | Unemployment rate (%) Men, Secondary edu.&above) ** | 9.1 | 9.7 |
| 20 | Unemployment rate(%) Women, Secondary edu.&above)*** | 28.3 | 17.1 |

Source: Rows 1 to 3: (PLFS 2018-19 A-5); Row 4: Census of India, Government of India (2017);
Rows 5 to 6: A-217; Rows 7- 12: A-225; Row 13: A-251; Row 14: A-252; Row 15-16: A-255;
Row 17,18: A-221; Rows 19,20: A-144, A-145 all from PLFS 2018-19.
*Percentages based on current weekly status estimates; ** Access to PF/ pension, gratuity, health care and maternity benefit; *** Percentages based on yearly usual status estimates

പ്രധാനപ്പെട്ട അനുപാതമാണ് ഇത്. സ്ത്രീകളുടെയും പുരുഷൻമാരുടെയും എൽ.എഫ്.പി.ആർ പ്രത്യേകം പ്രത്യേകമായി ഇവിടെ പരിശോധിക്കുകയാണ്. പുരുഷന്മാരുടെ കാര്യത്തിൽ ഇത് 69 ശതമാനവും സ്ത്രീകളുടെ കാര്യ ത്തിൽ 28 ശതമാനവുമാണ് (പട്ടികയിലെ 5, 6 വരികൾ കാണുക). ദേശീയ ശരാശരിയുമായി തട്ടിച്ചു നോക്കുമ്പോൾ പ്രകടമായ അന്തരം ഇക്കാര്യത്തിൽ സംസ്ഥാനത്ത് കാണുന്നില്ല. എന്നാൽ സ്ത്രീകളുടെ കാര്യത്തിൽ ദേശീയ ശരാശരിയേക്കാൾ അല്പം ഭേദപ്പെട്ട നിലയിലാണ് ഇതെന്ന് കാണാം. ഇവിടെ കേരളത്തിന്റെ കാര്യത്തിലെ പ്രധാന പ്രത്യേകത എന്തെന്നാൽ കേരളത്തിൽ അർബൻ ജനസംഖ്യ ദേശീയ ശരാശരിയേക്കാൾ മുകളിലാണ് എന്നതാണ്. ദേശീയ ശരാശരി 31 ശതമാനമായിരിക്കെ കേരള ത്തിൽ ഇത് 48 ശതമാനമാണ് (പട്ടികയിലെ നാലാം വരി). ജനസംഖ്യാപരമായ ഈ നേട്ടം പക്ഷെ, തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണത്തിന്റെ കാര്യത്തിൽ പ്രതിഫലിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്. എന്നാൽ എല്ലാ വികസിത

***കേരളത്തിലെ തൊഴിൽ മേഖലക്ക് മുന്നിൽ മൂന്ന് പ്രധാന വെല്ലുവിളികളാണ് ഉള്ളതെന്ന് കാണാം. ഒന്ന്, വനിതകളുടെ തൊഴിൽ പ്രാതിനിധ്യം ഉയർത്തുക. രണ്ട്, കൂടുതൽ തൊഴിലാളികളെ സ്ഥിരം ജോലിക്കാർ എന്ന പദവിയിലേക്ക് കൊണ്ട് വരിക. മൂന്ന്, തൊഴിലെടുക്കുന്ന എല്ലാവർക്കും സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ ഉറപ്പാക്കുക.***

രാജ്യങ്ങളിലും കാണുന്ന പ്രവണത അർബൻ മേഖലയിലെ തൊഴിൽ എടുക്കുന്ന സ്ത്രീകളുടെ എണ്ണത്തിന്റെ ഉയർന്ന തോത് കുടുംബത്തിന്റെ മൊത്തം വരുമാനം ഉയർത്തുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നു എന്ന താണ്.

കാർഷികേതര മേഖലകളിലേക്കുള്ള തൊഴിലാളി സഞ്ചയത്തിന്റെ വൈവിധ്യവത്കരണമാണ് എൽ.എഫ്.പി. ആറിന്റെ കാര്യത്തിൽ കേരളത്തിനുണ്ടായ നേരിയ നേട്ടത്തിന് ആധാരം. കാർഷികം, മൃഗ സംരക്ഷണം, മൽസ്യബന്ധനം എന്നിവ ഉൾപ്പെടുന്ന പ്രാഥമിക മേഖലയിൽ കേരളത്തിലെ തൊഴിൽ സേനയുടെ പങ്കാളിത്തം അഖിലേന്ത്യാ തലത്തിൽ ഏറ്റവും താഴെയാണ് (പട്ടികയിലെ 7, 8 വരികൾ). എന്നാൽ ത്രിതീയ മേഖലയിൽ (ഗതാഗതം, വാണിജ്യം, സർവീസ് തുടങ്ങിയ മേഖലകൾ) ഇത് ദേശീയ തലത്തിൽ തന്നെ ഏറ്റവും ഉയർന്ന തോതിൽ വരുന്നുണ്ട് (11 ,12 വരികൾ). വ്യവസായ മേഖല, കെട്ടിട നിർമാണം തുടങ്ങിയ രംഗങ്ങൾ അടങ്ങുന്ന ദ്വിതീയ മേഖലയിൽ കേരളത്തിൽ വനിതാ പ്രാധിനിത്യം മികച്ച തോതിലാണെന്ന് കാണാം (വരി 10). കേരളത്തിൽ ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ സ്വയം തൊഴിൽ കണ്ടെത്തിയവർ, സ്ഥിരം വരുമാനമുള്ളവർ, കാഷ്വൽ വർക്കർമാർ എന്ന അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ കൗതുകകരമായ വിവരങ്ങൾ ലഭ്യമാണ്. സ്ഥിര വരുമാനമുള്ള പുരുഷന്മാരുടെ അനുപാതം 27 ശതമാനമായിരിക്കെ സ്ത്രീകളുടെ കാര്യത്തിൽ ഇത് 46 ശതമാനമാണ് (13,14 വരികൾ). സ്ഥിരം ജോലിയുള്ള സ്ത്രീകളുടെ കാര്യത്തിൽ ഇന്ത്യയിൽ തന്നെ ഏറ്റവും മുന്നിൽ നിൽക്കുന്നത് കേരളമാണെന്ന് കാണാം. കേരളത്തിൽ സ്ഥിരം ജോലിക്കാരുടെ എണ്ണം 3.8 ദശലക്ഷമാണ്. ഇതിൽ 2.1 ദശലക്ഷം പുരുഷന്മാരും 1.7 ദശലക്ഷം പേർ സ്ത്രീകളുമാണ്. ഇവരുടെ എണ്ണത്തിന്റെ പകുതിയിലധികം പേർക്കും പെൻഷൻ, ഗ്രാറ്റുവിറ്റി, ആരോഗ്യ, പ്രസവ ആനുകൂല്യങ്ങൾ തുടങ്ങിയവ അടക്കമുള്ള ഏതെങ്കിലും വിധത്തിലുള്ള സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ ലഭിക്കുന്നവരാണെന്ന് കാണാം. ഇതിൽ 56 ശതമാനം പേർ പുരുഷന്മാരും 53 ശതമാനം സ്ത്രീകളുമാണ്. (15,16 വരികൾ). ഇക്കൂട്ടത്തിൽ 1.3 ദശലക്ഷം പേർ സർക്കാർ സർവീസിലോ, കോർപറേറ്റ് മേഖലയിലോ ജോലി ചെയ്യുന്നവരാണെന്ന് കാണാം. (കേരള സർക്കാർ 2020, അനുബന്ധം 7. 29).

മൊത്തം തൊഴിലെടുക്കുന്നവരിൽ ബാക്കി ഭാഗം (2018-19 ലെ കണക്കുകൾ പ്രകാരമുള്ള 11.4 ദശലക്ഷത്തിന്റെ മൂന്നിൽ രണ്ടു ഭാഗം) അസംഘടിത മേഖലയിൽ പണിയെടുക്കുന്നവരാണ്. ഇതിൽ സ്വയം തൊഴിൽ കണ്ടെത്തിയവരുണ്ട്. ചെറിയ സ്ഥാപനങ്ങളിൽ സ്ഥിരം കൂലിക്കായി ജോലി ചെയ്യുന്നവരുണ്ട്. കൂടാതെ ദിവസ വേതന ത്തിൽ ജോലി ചെയ്യുന്നവരും തൊഴിൽ ഇല്ലാത്തവരും ഉൾപ്പെടുന്നു. സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ ലഭ്യമല്ലാത്തവരാണ് ഇവരിൽ നല്ല പങ്കും. സമാനമായ അവസ്ഥയാണ് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും എന്ന് കാണാവുന്നതാണ്. ഇതിൽ പലതിലും സ്ഥിരം ജോലിയുള്ളവരുടെയും സാമൂഹ്യ സുരക്ഷാ

ആനുകൂല്യങ്ങൾ ലഭ്യമാകുന്നവരുടെയും എണ്ണം കുറവാണെന്നും വ്യക്തമാണ്. (പട്ടിക 13-16).

ജോലി ആഗ്രഹിക്കുന്നവർക്ക് അത് ലഭ്യമാകാത്തവിധം തൊഴിൽ ലഭ്യതയുടെ കുറവ് വനിതകൾക്കിടയിലാണ് കൂടുതലായി അനുഭവപ്പെടുന്നത്. കേരളത്തിൽ തൊഴിൽ എടുക്കാൻ പ്രാപ്തരായവരിൽ പുരുഷന്മാർക്കിടയിലെ തൊഴിലില്ലായ്മയെക്കാൾ ഇരട്ടിയിലേറെയാണ് സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ. (20 ശതമാനം, 17,18 വരികൾ). സ്ത്രീകൾക്കിടയിൽ തൊഴിൽ നൈപുണ്യം ഉയരുമ്പോൾ ഈ അനുപാതവും കൂടുന്നു. സെക്കണ്ടറിതല വിദ്യാഭ്യാസം നേടിയ പുരുഷന്മാരേക്കാൾ മൂന്നിരട്ടിയാണ് അതേ യോഗ്യതയുള്ള സ്ത്രീകളുടെ തൊഴിലില്ലായ്മ എന്ന് കാണാം (9, 20 വരികൾ). അഖിലേന്ത്യാതലത്തിലും ഈ വ്യത്യാസം പ്രകടമാണെങ്കിലും അത് കൂടുതൽ തീവ്രമാണ് എന്ന് കാണാം. വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ അന്വേഷകർ കൂടുതൽ വേതനവും ജോലി സൗകര്യങ്ങളുമുള്ള സംഘടിത രംഗങ്ങളെയാണ് കൂടുതൽ ആശ്രയിക്കുന്നത്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2019 ലെ കണക്കുകൾ പ്രകാരം കേരളത്തിൽ 3.8 ദശലക്ഷം തൊഴിൽ അന്വേഷകരാണുള്ളത്. ഇതിൽ 63 ശതമാനം സ്ത്രീകളാണെന്ന പ്രത്യേകതയുമുണ്ട്. (കേരള സർക്കാർ 2020 അനുബന്ധ പട്ടിക 7. 2.10).

സംഘടിത മേഖലയിലെ തൊഴിൽ അവസരങ്ങളുടെ കാര്യത്തിലെ കേരളത്തിന്റെ ട്രാക്ക് റെക്കോർഡ് അത്ര മികച്ചതല്ല. സംഘടിത വ്യാവസായിക മേഖലകളിൽ ഇത്തരത്തിൽ തൊഴിൽ അവസരങ്ങൾ ഉണ്ടാകുന്നതിന്റെ വളർച്ച മന്ദഗതിയിലാണ്. 2017-18 ലെ കണക്കുകൾ അനുസരിച്ച് പത്തു പേരിൽ കൂടുതൽ പേരെ കൊണ്ട് ജോലി ചെയ്യിക്കുന്ന ഫാക്ടറികളുടെ എണ്ണം 0.3 ദശലക്ഷമാണ്. കേരളത്തിലെ മൊത്തം തൊഴിലിന്റെ മൂന്ന് ശതമാനത്തിൽ താഴെയാണ് ഇത്. വൻകിട വ്യാവസായിക കമ്പനികൾ കേരളത്തിൽ ജോലിയുടെ കാര്യത്തിൽ അത്ര വലിയ സ്രോതസുകളായിരുന്നില്ല. ഈയിടെയായി ഈ മേഖലയിൽ കൂടുതൽ പേർക്ക് ജോലി ലഭ്യമാകുന്നുണ്ട്. സംഘടിത മേഖലക്ക് പുറത്ത് ചെറുകിട ഫാക്ടറികളിൽ 2019 ൽ 0.42 ദശലക്ഷം പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. ഇവരുടെ എണ്ണത്തിൽ ഈയിടെ വർധന ഉണ്ടായിട്ടുണ്ട്. (കേരള സർക്കാർ 2020- അനുബന്ധ പട്ടിക 2.1.4).

മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ തൊഴിൽ മേഖലയിൽ മൂന്ന് പ്രധാന വെല്ലുവിളികളാണ് നയ രൂപീകരണ വിദഗ്ദ്ധർ നേരിടുന്നത്. 1. മൊത്തം തൊഴിലെടുക്കുന്നവരുടെ എണ്ണത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ഉയർത്തുക, 2. സ്ഥിര ജോലിക്കാരുടെ പട്ടികയിലെ ജീവനക്കാരുടെ എണ്ണം ഉയർത്തുക, 3. എല്ലാ തൊഴിലാളികൾക്കും സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തുക. ഇത്തരം മേഖലകളിൽ കാര്യമായ പുരോഗതി ഉണ്ടാക്കുന്നതിന് കേരളത്തിന് ഇനിയും ബഹുദൂരം മുന്നോട്ട് പോകേണ്ടതുണ്ട്.

(ഗിഫ്റ്റിന്റെ മുൻ ഡയറക്ടറാണ് ലേഖകൻ)

റഫറൻസ് :

Government of India, (2020) *The Annual Survey of Industries*. Ministry of Statistic and Programme Implementation, New Delhi available at http://mospi.nic.in/annual-survey-industries

Government of Kerala (2020), *Economic Review 2019*, Volume 1 and 2, Kerala State Planning Board, Thiruvananthapuram.

Government of India, (2018-19) *Annual Report of the Periodic Labour Force Survey, 2018-19*, Ministry of Statistics and Programme Implementation, available at http://mospi.nic.in/Periodic-Labour-Surveys.

## സെക്ടറൽ ഫോക്കസ്

# കോവിഡിൽ ഉലഞ്ഞ് കേരളത്തിന്റെ ടൂറിസം മേഖല

ഡി. നാരായണ

ഇന്ത്യൻ സംസ്ഥാനങ്ങളിലെ ഏറ്റവും തുറന്ന സമ്പദ്ഘടനകളിൽ ഒന്ന് കേരളമാണ്. ഉൽപ്പന്നങ്ങളുടെ കയറ്റുമതി, ടൂറിസം മേഖലയിൽ നിന്നുള്ള വരവ്, വിദേശത്തു നിന്നുള്ള പണവരവ് തുടങ്ങിയ ഘടകങ്ങളാണ് കേരള സമ്പദ്ഘടനയുടെ വളർച്ചയുടെ രാസത്വരകങ്ങൾ. ഉത്പന്ന കയറ്റുമതിയിൽ സമുദ്രോത്പന്നങ്ങൾ, കശുവണ്ടി, കയർ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവ വേറിട്ട് നിൽക്കുന്നു. നടപ്പ് സാമ്പത്തിക മൂല്യത്തിന്റെ കാര്യത്തിൽ പത്ത് ശതമാനം വളർച്ചയാണ് ഇത് കാണിക്കുന്നത്. ലോക്ക് ഡൗണിന്റെ ആദ്യമാസങ്ങളിൽ കയറ്റുമതിയിൽ തിരിച്ചടി നേരിട്ടുവെങ്കിലും പിന്നീട് ഉഷാറായി. ജൂൺ മാസത്തിൽ 23 ശതമാനം വളർച്ചയോടെ 359 ദശലക്ഷം ഡോളറിന്റെ (2721 കോടി രൂപ) ഉത്പന്നങ്ങൾ കയറ്റി അയച്ചു. കഴിഞ്ഞ വർഷം ജൂണിൽ 292 ദശലക്ഷം ഡോളറിന്റെ (2030 കോടി രൂപ) കയറ്റുമതിയാണ് നടന്നത്. ഈ വളർച്ച

***കോവിഡിന്റെ സാഹചര്യം കേരളത്തിന്റെ വിദേശ റെമിറ്റൻസിനെ വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വിദേശ മലയാളികൾക്ക് ജോലി നഷ്ടമായതും ശമ്പളം വെട്ടികുറച്ചതുമാണ് ഇതിന് കാരണമായത്. എന്നാൽ രൂപയുടെ മൂല്യത്തിൽ ഉണ്ടായ 15 ശതമാനത്തോളം ഇടിവ് സംസ്ഥാനത്തെത്തുന്ന റെമിറ്റൻസിന്റെ മൂല്യ വർധനക്ക് സഹായകമായിട്ടുണ്ട്.***

വർഷത്തിന്റെ ആദ്യ പാദത്തിൽ സമുദ്രോൽപ്പന്നങ്ങൾ, കയർ, കശുവണ്ടി എന്നീ രംഗങ്ങളുടെ കയറ്റുമതിയിൽ തിരിച്ചടി നേരിട്ടുവെങ്കിൽ സുഗന്ധ വ്യഞ്ജനങ്ങൾ മികച്ച പ്രകടനം കാഴ്ച വച്ചു. കോവിഡിനെ പ്രതിരോധിക്കാൻ സുഗന്ധവ്യഞ്ജനങ്ങൾക്ക് കഴിയുമെന്ന റിപ്പോർട്ടുകളാണ് ഇതിന്റെ കയറ്റുമതി കൂടാൻ കാരണമായത്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2019–20) ഇന്ത്യയിൽ നിന്നും 21515 കോടി രൂപ വില മതിക്കുന്ന 11.83 ലക്ഷം ടൺ സുഗന്ധ വ്യഞ്ജന ഉൽപ്പന്നങ്ങൾ കയറ്റി അയച്ചു. കൊണ്ട് കേരളത്തിനാണ് പ്രധാനമായും നേട്ടമുണ്ടായത്.

എന്നാൽ കോവിഡ് മഹാമാരി, ടൂറിസം മേഖലക്കും വിദേശത്തു നിന്നുള്ള റെമിറ്റൻസിലും വലിയ തിരിച്ചടിയാണ് ഉണ്ടാക്കിയത്. വിദേശ രാജ്യങ്ങളിൽ മലയാളികൾക്ക് ജോലി നഷ്ടപ്പെട്ടതും അവിടെ ശമ്പളം ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ വെട്ടികുറച്ചതും റെമിറ്റൻസിനെ ഏറെ പ്രതികൂലമായി ബാധിച്ചു. എന്നാൽ ഇതിനു ഒരു പോസിറ്റീവ് വശം കൂടിയുണ്ട്. ഡോളറിനെതിരെ രൂപയുടെ മൂല്യം 15 ശതമാനം കുറഞ്ഞത് രൂപ

**Table 1.** Tourist arrivals in Kerala, foreign and domestic, 2019 and 2020

| Month | Foreign | | | Domestic | | |
|---|---|---|---|---|---|---|
| | 2019 | 2020 | % Change | 2019 | 2020 | %Change |
| January | 160588 | 176646 | 10.00 | 1515551 | 1818661 | 20.00 |
| February | 148024 | 130261 | -12.00 | 1335665 | 1442518 | 8.00 |
| March | 113857 | 37573 | -67.00 | 1339252 | 562486 | -58.00 |
| April | 86693 | 2861 | -96.70 | 1613257 | 19359 | -98.80 |
| May | 49952 | 549 | -99.00 | 1818986 | 21828 | -98.80 |
| June | 45675 | 502 | -99.00 | 1341496 | 32196 | -97.60 |

കണക്കിൽ റെമിറ്റൻസിന്റെ മൂല്യം ഉയർത്തിയിട്ടുണ്ട്. ടൂറിസം സാമ്പത്തിക വളർച്ചയുടെ ഒരു പ്രധാന ഉത്തേജകമാണ്. കാരണം, അത് തൊഴിൽ സാധ്യത, അടിസ്ഥാന സൗകര്യങ്ങൾ, കയറ്റുമതി വരുമാനം തുടങ്ങിയവയുടെ വളർച്ചക്ക് കാരണമാണ്. സർവീസ് മേഖലയിലാണ് ടൂറിസത്തെ ഉൾപ്പെടുത്തുന്നത്. ദേശീയതലത്തിൽ ടൂറിസം ഒരു പ്രത്യേക സെക്ടർ എന്ന നിലയിൽ പരിഗണിക്കപ്പെടുന്നില്ല. വ്യത്യസ്ത വിഭാഗങ്ങളിൽ ഉൾപ്പെടുന്ന സേവനങ്ങൾ അത് നൽകുന്നതാണ് ഇതിനു കാരണം. ഉൽപ്പാദകന്റെ സ്റ്റാറ്റസിന് പകരം ഉപഭോക്താവിന്റെ സ്റ്റാറ്റസിനെ അടിസ്ഥാനമാക്കിയാണ് ടൂറിസത്തെ വിലയിരുത്തുന്നത്. അതുകൊണ്ട് ജി.ഡി.പി കണക്കാക്കുമ്പോൾ ടൂറിസത്തിനായി പ്രത്യേക സാറ്റലൈറ്റ് അക്കൗണ്ട് തന്നെ ഉണ്ടാക്കി ക്രമപ്പെടുത്തേണ്ടതുണ്ട്. ഇതിലേക്ക് വിശദമായി കടക്കുന്നില്ല. എന്നാൽ ടൂറിസത്തിന്റെ പ്രധാന അനുബന്ധ ഉൽപ്പന്നങ്ങളുടെ കൂട്ടത്തിൽ താമസ സൗകര്യം, ഭക്ഷണം, ബിവറേജസ്, ഗതാഗതം, റെന്റൽ സേവനങ്ങൾ, സാംസ്കാരിക പരിപാടികൾ തുടങ്ങിയ നിരവധി കാര്യങ്ങൾ ഉൾച്ചേർന്നിരിക്കുന്നു. ഈ മേഖലയിലെ ഫിക്സഡ് കാപിറ്റൽ രൂപീകരണം, കളക്റ്റീവ് കൺസംപ്ഷൻ തുടങ്ങിയ കാര്യങ്ങൾ മൂല്യ വർധിത ഉൽപ്പന്നങ്ങളായി പരിഗണിക്കപ്പെടേണ്ടവയാണ്. ടൂറിസം ഉപഭോഗ രംഗത്തിന് ഈ അനുബന്ധ മേഖലകൾ നൽകുന്ന മൂല്യവർദ്ധനവ് ടൂറിസം ഡയറക്റ്റ് ഗ്രോസ് വാല്യൂ ആഡഡ് (ടി.ഡി.ജി.വി.എ) എന്ന രീതിയിൽ പരിഗണിക്കേണ്ടതാണ്. ഈ അടിസ്ഥാനത്തിൽ നോക്കുമ്പോൾ കേരളത്തിലെ താമസ സൗകര്യങ്ങളുടെ 70 ശതമാനവും ഫുഡ്, ബീവറേജ് ബിസിനസിന്റെ 53 ശതമാനവും ട്രാൻസ്പോർട് സേവനങ്ങളുടെ 63 ശതമാനവും വിമാന, റെയിൽ സേവനങ്ങളുടെ 80 ശതമാനവും മെഡിക്കൽ സേവനങ്ങളുടെ 30 ശതമാനവും ടൂറിസത്തിന്റെ കണക്കിൽ വരവ് വയ്ക്കപ്പെടേണ്ടതാണെന്ന് കാണാം.

2009-10 ലെ കണക്കുകൾ വച്ച് നോക്കുമ്പോൾ കേരളത്തിന്റെ ജി.എസ്.ഡി.പിയിൽ ടൂറിസത്തിന്റെ ഗ്രോസ് വാല്യൂ ആഡഡ് 10.5 ശതമാനമാണ്. പരോക്ഷമായി ഈ മേഖല നൽകുന്ന സംഭാവന കൂടി പരിഗണിക്കുമ്പോൾ ഇത് 21.3 ശതമാനമായി ഉയരും. ഇക്കാര്യത്തിൽ 2020-21 ലെ കണക്കുകൾ 2009 -10 ലെ കണക്കുകളിൽ നിന്ന് കാര്യമായ വ്യത്യാസത്തിൽ ഉള്ളതാകാൻ സാധ്യതയില്ല. ഈ വർഷം ഫെബ്രുവരി മുതൽ കോവിഡ് മൂലം വിദേശ സഞ്ചാരികളുടെ വരവിൽ കുറവുണ്ടായിട്ടുണ്ട്. മാർച്ചായപ്പോൾ വിദേശ സഞ്ചാരികളുടെ വരവിൽ മൂന്നിൽ രണ്ടു കുറവ് പ്രകടമായിട്ടുണ്ട്. ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിലും സമാനമായ തോതിലുള്ള ഇടിവ് പ്രകടമാണ്. 2020-21 ലെ ആദ്യ പാദത്തിൽ ലോക്ക് ഡൗൺ മൂലം

**ലോക്ക് ഡൗണിൽ 2663 വിദേശ സഞ്ചാരികളെ തിരിച്ചയച്ചു**

കേരള ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് പ്രകാരം സമ്പൂർണ്ണ ലോക്ക് ഡൗൺ ഘട്ടത്തിൽ 2663 വിദേശ സഞ്ചാരികളെ കേരളത്തിൽ നിന്ന് തിരിച്ചയച്ചു എന്നാണ്. മാലദ്വീപിൽ നിന്ന് 346 പേരെയാണ് ഇങ്ങനെ മടക്കി അയച്ചത്. തിരിച്ചയച്ച ടൂറിസ്റ്റുകളുടെ പട്ടിക താഴെ.

| **രാജ്യം** | **എണ്ണം** |
|---|---|
| മാലദ്വീപ് | 346 |
| യു.കെ | 273 |
| ജർമനി | 232 |
| ഫ്രാൻസ് | 229 |
| റഷ്യ | 212 |
| സ്വിറ്റ്സർലൻഡ് | 164 |
| സൗദി അറേബ്യ | 136 |
| ആസ്ട്രേലിയ | 127 |
| യു.എസ്.എ | 42 |

പെയ്ഡ് ക്വാറന്റൈൻ സൗകര്യം ഏർപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ 6000 ഹോട്ടൽ / റിസോർട്ടുകളിലായി 85000 മുറികൾ ഏറ്റെടുത്തിട്ടുണ്ട്.

ടൂറിസ്റ്റ് വരവ് ഏതാണ്ട് 100 ശതമാനം തന്നെ കുറഞ്ഞു എന്ന് പറയാം. കേരളത്തിന്റെ ജി.എസ്.ഡി.പിയിൽ അഞ്ചിലൊന്ന് ടൂറിസം സംഭാവന ചെയ്യുമ്പോൾ സമാന തോതിലുള്ള ഇടിവ് ജി.എസ്.ഡി.പിയിൽ ഈ വർഷം പ്രകടമാകുമെന്ന് കരുതാം.

ടൂറിസത്തിന്റെ ഏറ്റവും പ്രധാന പ്രത്യേകത തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിനുള്ള അതിന്റെ സവിശേഷമായ സാധ്യതയാണ്. തൊഴിൽ നൈപുണ്യം ഉള്ളവർക്കും ഇല്ലാത്തവർക്കും ടൂറിസം അനുബന്ധ വ്യവസായങ്ങളായ താമസം, ഭക്ഷണം, ഗതാഗതം തുടങ്ങിയ രംഗങ്ങൾ തൊഴിൽ സാധ്യത കൂട്ടുന്നു. കേരളത്തിന്റെ മൊത്തം തൊഴിലിന്റെ 23.52 ശതമാനം ടൂറിസം മേഖല നേരിട്ടോ അല്ലാതെയോ സംഭാവന ചെയ്യുന്നതാണ്. കഴിഞ്ഞ ത്രൈമാസത്തിൽ ഈ മേഖലയിൽ പ്രകടമായ വലിയ തകർച്ച നാലിലൊന്ന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമാവുകയും അതുവഴി ഗണ്യമായ വരുമാന നഷ്ടം വരുത്തുകയും ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുന്നു.

■

(ഗിഫ്റ്റിന്റെ മുൻ ഡയറക്ടറാണ് ലേഖകൻ)

# New studies on Kerala

Young Scholars' Forum, GIFT

**Articles in Scopus indexed journals**

1. Arun, T., Adhikari, P., & Mohan, R. (2020). Learning accountability in the public sector: The experience of Kerala. Financial Accountability & Management. https://onlinelibrary.wiley.com/doi/full/10.1111/faam.12248

2. Binoy, B. V., Naseer, M. A., & Anil Kumar, P.P. (2020). A methodology for identifying critical factors influencing land value in urban areas: a case study of Kerala, India. Property Management.https://doi.org/10.1108/PM-01-2020-0004

3. Cotton, M. (2020). The lessons from Kerala. Tropical doctor,50(3),173. https://doi.org/10.1177%2F0049475520937108

4. Dinesh, T. A., Nair, P., Abhijath, V., Jha, V., &Aarthy, K. (2020). Economics of cancer care: A community-based cross-sectional study in Kerala, India. South Asian Journal of Cancer, 9(1), 7-12. http://journal.sajc.org/article.asp?issn=2278-330X;year=2020;volume=9;issue=1;spage=7;epage=12;aulast=Dinesh

5. Gulia, K. K., & Kumar, V. M. (2020). Reverse quarantine: Management of COVID- 19 by Kerala with its higher number of aged population. Psychogeriatrics. https://doi.org/10.1111/psyg.12582

6. Thomas Isaac, T. M., and Sadanandan, R. (2020). COVID-19, Public Health System and Local Governance in Kerala. Economic and Political Weekly, 55(21), 35-41.https://www.epw.in/journal/2020/21/perspectives/COVID-19-public-health-system-and-local-governance.html

7. Karinkurayil, M.S. (2020). The Days of Plenty: Images of First Generation Malayali Migrants in the Arabian Gulf, South AsianDiaspora. https://doi.org/10.1080/19438192.2020.1767895

8. Khan, M. I., &Chinnakkannu, V. (2020). International Remittances and Private Healthcare in Kerala, India. Migration Letters, 17(3), 445-460. https://journals.tplondon.com/ml/article/view/778

9. Nambiar, D., Sankar D, H., Negi, J., Nair, A., &Sadanandan, R. (2020). Monitoring Universal Health Coverage reforms in primary health care facilities: Creating a framework, selecting and field-testing indicators in Kerala, India. PloS one, 15(8).https://doi.org/10.1371/journal.pone.0236169

10. Raj, J. (2020). Crisis and Retirement: Alienation in Kerala's Tea Belt. Focaal,

2020 (86), 84-96. https://doi.org/10.3167/fcl.2020.860107

11. Rajan, S.I., Shajan, A. & Sunitha, S. (2020). Ageing and Elderly Care in Kerala. China Report, 56(3), 354-373. https://doi.org/10.1177%2F0009445520930393

12. Rajan, S.I., & Zachariah, K.C. (2020). New Evidences from the Kerala Migration Survey, 2018. Economic and Political Weeklly 55(4)

13. Raju, V. K., & Chockalingam, S. M. (2020). An Evaluation of the Performance of Kerala Financial Corporation in Promoting Micro, Small and Medium Enterprises in the State of Kerala, India. Journal of Critical Reviews, 7(1), 562-566. http://dx.doi.org/10.31838/jcr.07.01.108

14. Ryu, K., Roy, P. A., Kim, H., & Ryu, H. B. (2020). The resident participation in endogenous rural tourism projects: a case study of Kumbalangi in Kerala, India. Journal of Travel & Tourism Marketing, 37(1), 1-14. https://doi.org/10.1080/10548408.2019.1687389

15. Suresh M.(2020). Adivasis and Land The Story of Postcolonial Development in Kerala. Economic &Poltical Weekly,55(30). https://www.epw.in/journal/2020/30/special-articles/adivasis-and-land.html

16. Thimm, T., &Karlaganis, C. (2020). A Conceptual Framework for Indigenous Ecotourism Projects - a Case Study in Wayanad, Kerala, India. Journal of Heritage Tourism, 15(3), 294-311. https://doi.org/10.1080/1743873X.2020.1746793

**Articles in other journals**

1. Agarwal, B.(2020). Labouring for Livelihoods: Gender, Productivity and Collectivity. The Indian Journal of Labour Economics,63(1),21-37.https://doi.org/10.1007/s41027-020-00211-y

2. Hari P, S. (2020). Social Grievances and Corporate Greed: Twenty20 and Conflicts in Kizhakkambalam. Review of Development and Change,25(1),54-69.https://doi.org/10.1177/0972266120916305

3. Muneer, N. K. (2020). Education and Educated Unemployment in Kerala. Purakala with ISSN 0971-2143, UGC CARE Journal, 31(10), 212-221.

4. Nair, S. G., & Kumar, K. S. (2020). Functional Performance of GramaPanchayats in Kerala. Studies in Indian Place Names, 40(46), 473-482. https://doi.org/10.1371/journal.pone.0236169

5. Prabhash, A. M. (2020). The consumer perception on online food delivery system among youth in kerala. EPRA International Journal of Multidisciplinary Research (IJMR), 6(2), 96-100. https://eprajournals.com/jpanel/upload/1119pm_24.EPRA%20JOURNALS-3996.pdf

6. Rejimon, P. M. (2020). Human Resource through Education of Scheduled caste in Kerala. Academic Leadership-Online Journal, 21(5), 83-92. https://www.academicleadership.org/index.php/alj/article/view/662

7. Sanitha, V. P., Parida, J.K.,& Awasthi, I.C. (2019). Health Conditions, Medication and Hospitalisation Preferences of Elderly in Kerala. Indian Journal of Human Development,13(3), 308-324.https://doi.org/10.1177/0973703019895233

8. Sunny, J., Parida, J. K., &Azurudeen, M. (2020). Remittances, investment and new emigration trends in Kerala. Review of Development and Change, 25(1), 5-29. https://journals.sagepub.com/doi/abs/10.1177/0972266120932484

**Books and chapters in edited volumes**

1. Blair, H. (2020). Accountability Through Participatory Budgeting in India: Only in Kerala? In S. Cheema (Ed.) Governance for Urban Services: Access, Participation, Accountability, and Transparency (PP. 57-76). Springer. https://doi.org/10.1007/978981-15-2973-3_3

2. Bordoloi, S. (2020).The Political Economy of Uneven Rural Development. Palgrave Macmillan. https://www.palgrave.com/gp/book/9789811545023

3. IrudayaRajan, S. & Oommen,G,Z. (2020). Asianization in the Gulf: A Fresh Outlook. In S. IrudayaRajan& G.Z. Oommen (Eds.), Asianization of Migrant Workers in the Gulf Countries (PP. 1-17). Springer.https://link.springer.com/chapter/10.1007/978-981-32-9287-1_1

4. Joseph, K. J. (2020). Commodity Markets, Computers and Inclusive Development: A Study of Marketing and Price Formation of Cardamom with e-Auctions in Kerala, in Raina Rajeswari. S and Keshab Das Eds.) Inclusive Innovation: Evidence and Options in Rural India (pp 119-138). (Springer)

5. Kumar, R. G. (2020). Quality of Life: A Comparative Study of Kerala and Tamil Nadu. In A. Banerjee, Jana N.C. & V.K. Mishra (Eds.), Population Dynamics in Contemporary South Asia. 393-416. Springer. https://doi.org/10.1007/978-981-15-1668-9

6. Menon, N. (2020). Mobility as Capability: Women in the Indian Informal Economy. Cambridge University Press. https://www.cambridge.org/core/books/mobility-as-capability/B2982D517B5B29E1218F48999A2251C7

7. Prakash, B. A. (2020). Local Finance, Fiscal Decentralisation and Decentralised Planning: A Kerala Experience. Sage Publications Pvt.Limited. https://in.sagepub.com/en-in/sas/local-finance-fiscal-decentralisation-and-decentralised-planning/book274341

8. Varghese, V. J. (2020). An Industry of Frauds? State Policy, Migration Assemblages and Nursing Professionals from India. in Baas M. (Ed.), The Migration Industry in Asia: Brokerage, Gender and Precarity (PP. 109-131). Palgrave Pivot. https://link.springer.com/chapter/10.1007/978-981-13-9694-6_6

**Working papers**

1. Kuriakose, F., & Joseph, J. (2020). Microfinance and Human Development in Kerala. Available at SSRN 3526668. https://doi.org/10.1111/j.1541-0072.2001.tb02095.x.

2. Vibhute V.M., & Chattopadhyay, A.(2020). On Issues With COVID-19 Data And Why Kerala Stands Out In India" Working Papers id:13059, eSocialSciences. https://ideas.repec.org/p/ess/wpaper/id13059.html

**Sociology**

**Articles in scopus indexed journals**

17. Bindhulakshmi P. (2020). The Blurred Boundaries of Migration: Transnational Flows of Women Domestic Workers from Kerala to UAE. Social Change 50(1),

95-108. https://doi.org/10.1177/0049085719901076

18. Daniel, D. B., Thomas, S. N., & Thomson, K. T. (2020). Assessment of fishing-related plastic debris along the beaches in Kerala Coast, India. Marine Pollution Bulletin, 150. https://www.sciencedirect.com/science/article/pii/S0025326X19308525?via%3Dihub

19. Datta, A., & Ahmed, N. (2020). Intimate Infrastructures: The Rubrics of Gendered Safety and Urban Violence in Kerala, India. Geoforum, 110, 67-76. .https://doi.org/10.1016/j.geoforum.2020.01.016

20. Fan, J., Garretson, O., Palackal, A., Miller, P., & and Shrum, W. (2020). Bounded Solidarity and Mobile Technology: The Decline of Core Networks in Kerala. Sociological Bulletin, 69(2), 191-240. https://journals.sagepub.com/doi/10.1177/0038022920925606

21. Pattadath, B. (2020). The Blurred Boundaries of Migration: Transnational Flows of Women Domestic Workers from Kerala to UAE. Social Change, 50(1), 95-108. https://doi.org/10.1177%2F0049085719901076

22. Ramachandran, R. (2020). A qualitative study on perspective of parents of children with autism on the nature of parent-professional relationship in Kerala, India. Autism, 24(6), 1521-1530. https://doi.org/10.1177%2F1362361320912156

23. Velayudhan, Meera. (2020). The Labour Side of the Story: Informalisation and New Forms of Mobilisation of Kerala's Women Workers. Social Change, 50(1), 109-120. https://doi.org/10.1177/0049085719901079

**Articles in other journals**

1. Babu, J., & Kumar, P. J. (2020). Socio-Cultural Dimensions of Menstrual Health among Tribal Communities in Kerala. Studies in Indian Place Names, 40(3), 3944-3956.

2. Harikrishnan, S. (2020). Communicating Communism: Social Spaces and the Creation of a "Progressive" Public Sphere in Kerala, India. Communism, Capitalism and Critique 18(1), 268-85. https://doi.org/10.31269/triplec.v18i1.1134

3. Kottai, S. R., & Ranganathan, S. (2020). Task-shifting in Community Mental Health in Kerala: Tensions and Ruptures. Medical Anthropology, 39(6), 538-552. https://doi.org/10.1080/01459740.2020.1722122

4. Pramod, M. (2020). As a Dalit Woman: My Life in a Caste-Ghetto of Kerala. CASTE: A Global Journal on Social Exclusion, 1(1), 111-124. https://doi.org/10.26812/caste.v1i1.69

5. Rajagopal, N. (2020). Social Impact of Women SHGs: A Study of NHGs of 'Kudumbashree'in Kerala. Management and Labour Studies, 45(3), 317-336 https://doi.org/10.1177%2F0258042X20922116

6. Rejimon, P. M. (2020). Human Resource through Education of Scheduled caste in Kerala. Academic Leadership-Online Journal, 21(5), 83-92. https://www.academicleadership.org/index.php/alj/article/view/662

7. Varghese, J., & Raghavan, V. (2020). Restoration of Released Prisoners to Society: Issues, Challenges and Further Ways; Insights from Kerala, India. International Annals of Criminology,

57(1-2),61-74. https://doi.org/10.1017/cri.2020.5

**Chaptes in edited volumes**

1. Kodoth P. (2020). Unauthorized Recruitment of Migrant Domestic Workers from India to the Middle East: Interest Conflicts, Patriarchal Nationalism and State Policy. In M. Baas (Ed.), The Migration Industry in Asia (pp. 77-107). Palgrave Pivot. https://doi.org/10.1007/978-981-13-9694-6_5

**Working papers**

1. Seshan, Ganesh. (2020). Migration and Asset Accumulation in South India: Comparing Gains to Internal and International Migration from Kerala. Policy Research Working Paper 9237. Washington, D.C.: World Bank. http://hdl.handle.net/10986/33746

**History and Culture**

**Articles in Scopus indexed journals**

1. Anand, Sreekumar. (2020). Exorcism and the Discourse of Kerala's Exceptionalism. Economic & Political Weekly, 55(26-27). https://www.epw.in/journal/2020/26-27/postscript/exorcism-and-discourse-keralas-exceptionalism.html

2. Ashok, R. (2020). In Retrospect: The Spatial Shift of the Film Publicity Industry in Kerala during The 1980's. South Asian History and Culture, 11(2), 113-135. https://doi.org/10.1080/19472498.2020.1755125

3. Sreesanth, K., & Balasaravanan, T. (2020). Adapting to New Media: A Case Study on Exhibition and Publicity Practices of a Rural Single Screen Theatre in the Digital Era. South Asian Popular Culture, 18(2), 163-176. https://doi.org/10.1080/14746689.2020.1774135

**Articles in other journals**

1. Ganga, A. (2020). Citizenship at the Margins: Exploring Participation as "Right to the City" in Vizhinjam, Kerala. Urbanisation, 4(2) ,77-93. https://doi.org/10.1177/2455747119892347

2. Karinkurayil, M.S. (2020). Reading Aspiration in Kerala's Migrant Photography. South Asia: Journal of South Asian Studies. https://doi.org/10.1080/00856401.2020.1759000

**Books and chapters in edited volumes**

1. John, J. (2020). The Portuguese and the Socio-Cultural Changes in Kerala: 1498-1663. Routledge. https://www.routledge.com/The-Portuguese-and-the-Socio-Cultural-Changes-in-Kerala-1498-1663/John/p/book/9780367510558

2. Mathew, P. T. (2020). Between the Sea and the Sky: Lived Religion on the Sea Shore. Fortress Press. https://doi.org/10.2307/j.ctvr0qt5p

3. Oommen G.Z. (2020). Gulf Migration, Remittances and Religion: Interplay of Faith and Prosperity Amongst Syrian Christians in Kerala. In: S.Rajan & G.Z.Oommen (Eds.), Asianization of Migrant Workers in the Gulf Countries (pp. 247-266). Springer. https://doi.org/10.1007/978-981-32-9287-1_14

**Political Science**

**Articles in scopus indexed journals**

1. Santhosh, R., & Visakh, M. S. (2020). Muslim League in Kerala: Exploring the

# What is new(s) from GIFT

## A Webinars

### 1. Webinar on COVID-19 pandemic and fiscal federalism

While the fiscal federal relations between the Centre and the States have been deteriorating over time, the outbreak of COVID- 19 has imposed heavy fiscal burden on states towards protecting the lives and livelihood of people. In this context, GIFT pioneered the initiative of bringing together different stakeholders online by organizing this webinar during 27-28 April 2020. Through this webinar, which was inaugurated by the Hon'ble Chief Minister of Kerala, Shri Pinarai Vijayan, GIFT brought together Finance Ministers of different States, leaders of major political parties, senior administrators, eminent academicians and captains of fourth estate. The webinar had a viewership from 3244 participants.

For more details, please visit https://www.gift.res.in/index.php/workshop/detail/18/27042020-Webinar-on-COVID-19-Pandemic-and-fiscal-federalism-in-India

### 2. Webinar on labour regulations in India

While decent work is emerging as the paradigm governing labour and employment across the world, the recent labour regulations implemented by different states in India amounted to depriving the labour of the privileges that they enjoyed. In this context, GIFT organized a webinar on labour regulations in India which was held on 13 June 2020. In the webinar, inaugurated by the Hon'ble Minister for labor, Shri T.P Ramakrishnan, over 35 experts, both from within and outside the country, shared their views. They included Dr.T.M Thomas Isaac, Hon'ble Minister for Finance and coir, Representatives of ILO, leaders all the important trade unions, administrative heads of leading Industry Associations like CII and FICCI and scholars of eminence like Amit Bhaduri, A V Jose among others. There were over 550 online participants for this programme

For more details https://www.gift.res.in/index.php/workshop/detail/20/13062020-Webinar-on-Labour-Regulations-in-India

### 3. Webinar on deagriculturalisation in India and technical change

This webinar presented by Prof K Pushpangadan, based on the research undertaken by him in GIFT as ICSSR Senior Fellow, was chaired by Prof K P Kannan. Discussants included Prof K L Krishna, Prof Alwin Prakash, Dr Abdul Azeez Erumban, Shri S S Nagesh and Prof

K J Joseph.

For more details https://www.gift.res.in/index.php/workshop/detail/21/16072020-Deagriculturalisation-and-Technical-change-A-studyof-crop-husbandry-in-Kerala

**4. Webinar series on Indialics**

GIFT initiated a webinar series jointly with Indialics (India chapter of Globelics) The series was opened with conversation between Prof Bengt Ake Lundvall, the founder of Globelics and Prof Rishikesha T Krishnan, Director IIMB and Prof K J Joseph.

For more details https://www.gift.res.in/index.php/events/detail/38/Indialics-Webinar-Series

**5. Webinar on the COVID- 19 pandemic and Local Governments, May 16-17, 2020 organized jointly with KILA.**

This webinar, organized jointly with KILA, was in the context of the pandemic that impacted the lives and livelihood of people and the local governments shouldering the major responsibility. The event was inaugurated by Shri A C Moideen, Hon'ble Minister of local Self Governments and Chaired by Shri Mani Shankar Aiyar, former Minister of Panchayathi Raj, Government of India. Apart from Dr Thomas Isaac, Hon'ble Finance Minister of Kerala Champions of decentralization from different states, representative of UNICEF, senior administrators, eminent academicians and representatives local governments joined deliberations. The webinar brought to the fore the experiences of states other than Kerala with special sessions on MGNREGS and financing local governments in times of pandemic. It also dealt at length on the Kerala experience with three thematic sessions with special focus on Disaster Management, COVID-19 Pandemic and Kudumbashree.

For more details please visit https://www.gift.res.in/index.php/workshop/detail/19/16052020-Webinar-on-COVID-19-and-Local-Governments-in-India

**6. National webinar series: Local Governments for Sustainable Development - Good Practices from Kerala**

Subsequently, in the context of 25 years of decentralized planning in Kerala, GIFT jointly with KILA and Haritha Kerala Mission initiated this Webinar series.

One webinar each is being organized every week (Saturday). Seven webinars have already been organized from 4 July onwards on the following issues

For more details please visit https://www.gift.res.in/index.php/events/detail/37/National-Webinar-Series-Local-Governments-for-Sustainable-Development-Good-Practices-from-Kerala

6.1 **Reduction of waste through behavioral change: The Green Protocol Experiences of LSGIs 22.08.2020**

6.2 **Non-Biodegradable Waste Management and Local Governments 15.08.2020**

6.3 **Organic Waste Management and the Local Self Governments 01.08.2020**

6.4 **Innovative Water Conservation Practices in Local Self Governments of Kattakkada Assembly Constituency 25.07.2020**

6.5 **National Webinar on Local Governments for Sustainable Development on Child Friendly Local Governance 18.07.2020**

6.6 **Effective Intervention of Local Governments in Water Conservation 11.07.2020**

6.7 **National Webinar on Local Governments for Sustainable Development of Local Governments Experiences on Agriculture and allied Sectors 04.07.2020**

7. **Webinar on Supporting MSME in COVID-19 crisis was organized jointly with KFC.**

   This webinar was organized in the context of the adverse impact of COVID- 19 on MSMEs in Kerala. In the webinar, inaugurated by Dr T.M. Thomas Isaac, Hon'ble Finance Minister of Kerala, Shri Rajesh Kumar Singh IAS, Additional Chief Secretary, Shri Sanjay Kaul IAS Chairman and Managing Director, KFC and Dr K. J. Joseph, Director, GIFT addressed the audience. The Hon'ble Minister and the senior officials responded to the concerns and queries of the entrepreneurs. Total 9731 participants have viewed the webinar.

   For more details https://www.gift.res.in/index.php/events/detail/35/Webinar-on-Supporting-MSMEs-in-COVID-19-Crisis-on-23062020

8. **Webinar on Business continuity for startups in COVID-19 crisis :Kerala Financial Corporation 2020-Jul-14 8.4**

9. **Webinar on 'Supporting MSMEs in COVID-19 Crisis' on 23.06.2020 : Kerala Financial Corporation 2020-Jun-23**

**B. Teaching and training programmes**

1. **KFC-GIFT partnership for training the entrepreneurs under the Chief Minister's Entrepreneurship Development Program**

   GIFT, jointly with Kerala Finance Corporation (KFC) has been organizing a week long training program for all the the prospective entrepreneurs being promoted under the Chief Minister's Entrepreneurship Development Programme (CMEDP).

   For details about this ongoing programme please visit https://www.gift.res.in/index.php/events

2. **Post Graduate Diploma in Goods and Services Tax (PGDGST)**

   Admission for the third batch of the Post Graduate Diploma in Goods and Service Tax (PGDGST) stated with an overwhelming response

   For mote more details https://www.gift.res.in/index.php/course/detail/14/PGD-GST

3. **Research Capacity Building Programme (RCBP) in Social Sciences for young scholars.**

   Along with the Ph.D programme, GIFT started a Research Capacity Building Programme (RCBP) in social scienves for the young scholars

   For details please visit https://www.gift.res.in/index.php/training/detail/13/Research-Capacity-Building-Programme-RCBP-for-Social-Sciences

**C. New distinguished associates of GIFT**

**1. Honorary Professors**

Professor M Govinda Rao, Shri Jairam Ramesh, Professor Prabhat Patnaik, Professor Jayati Ghosh, Professor M A Oommen, Shri G Vijayaraghavan,

Professor Venkitesh Aathreya, Dr A V Jose and Professor D Narayana, designated as the Honorary Professors in GIFT

For details please visit https://www.gift.res.in/index.php/faculty/details/3/Honorary-Faculty

**2. ICSSR National fellow**

Dr Sreekumar Chattopadhyaya joined as ICSSR National Fellow

https://www.gift.res.in/faculty/faculty_details/42/Dr-Srikumar-Chattopadhyay

**3. Visiting faculty**

Dr N Vijayamohan Pillai joined as Visiting Faculty in GIFT

https://www.gift.res.in/faculty/faculty_details/43/Dr-Vijayamohanan-Pillai-N

**D. Publications**

**1. Reports**

1. GIFT (2020) Economic and fiscal shock of COVID-19 on Kerala: Socio economic response and macro economic recovery, Gulati Institute of Finance and taxation, Thiruvananthapuram

   For more details please visit https://www.gift.res.in/index.php/publish/list_detail/150/May-2020-Economic-and-Fiscal-Shock-of-COVID-19-on-Kerala

2. Government of Kerala (2020) COVID-19 pandemic and Kerala - A response strategy, Department of Finance, Government of Kerala, Thiruvananthapuram (GIFT Faculty associated)

   For details: https://www.gift.res.in/index.php/publish/list_detail/161/Government-of-Kerala-2020-COVID-19-pandemic-and-Kerala-A-response-strategy

   For more details please visit: Government of Kerala (2020) Report on the additional revenue mobilization from own tax and non tax revenue sources of Kerala, Department of Finance , Government of Kerala (GIFT faculty associated - not for public circulation)

**2. Kerala Tax Reporter (KTR)**

The flagship publication of GIFT, Kerala Tax Reporter which was started in 1992, has gone online https://www.gift.res.in/ktr/

**3. Innovation and Development**

A Routledge journal from GIFT, Volume 10, No. 1 published. (Editor in Chief, K J Joseph). For details please visit https://www.tandfonline.com/toc/riad20/current

**4. Weekly update on the Indian economy**

This new initiative at the instance of Young Scholars' Forum, GIFT will keep you updated on Indian economy. Please visit

https://www.gift.res.in/index.php/publish/publish_list/9/Weekly-Updates-on-Indian-Economy-prepared-by-GIFT-Young-Scholars-Forum

## കുറിപ്പുകൾ

## കുറിപ്പുകൾ

## കുറിപ്പുകൾ



തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്), സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ് എന്ന പേരിൽ 1992ലാണ് പ്രവർത്തനമാരംഭിച്ചത്. ദേശീയ - സംസ്ഥാന തലങ്ങളിലെ നയരൂപീകരണ രംഗത്തുള്ളവർക്ക് വിവിധ പഠന ശാഖകളിൽ തിയറി അധിഷ്ഠിതവും റിസർച്ച് അധിഷ്ഠിതവുമായി വിവിധ തലങ്ങളിൽ ആവശ്യമായ സഹകരണം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തിൽ അധിഷ്ഠിതമായാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം. കൊച്ചി സാങ്കേതിക സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന ഇൻസ്റ്റിട്യൂട്ട്, പി. എച്ച്.ഡി ബിരുദതലത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങളും സർക്കാർ ജീവനക്കാർ അടക്കം വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് ആവശ്യമായ പരിശീലന പരിപാടികളും നിർവഹിക്കുന്നതിന് നിയുക്തമാക്കപ്പെട്ട ഒരു സ്ഥാപനമാണ്. ഇതിനു പുറമെ ചരക്ക് സേവന നികുതി അധിഷ്ഠിതമായി ബിരുദാനന്തര ഡിപ്ലോമ കോഴ്സും നടത്തി വരുന്നു. ഈയിടെ കേരള ഫിനാൻഷ്യൽ കോർപ്പറേഷനുമായി സഹകരിച്ച് മുഖ്യമന്ത്രിയുടെ എന്റപ്രേണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ കീഴിൽ പുതു സംരംഭകർക്ക് ആവശ്യമായ പരിശീലന പരിപാടിയും നടത്തി വരുന്നു.

വൈജ്ഞാനിക രംഗത്തെ പ്രഗത്ഭർ, കേന്ദ്ര , സംസ്ഥാന ഭരണ രംഗത്തെ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ ഒരു ഗവേർണിംഗ് ബോഡിക്കും എക്സിക്യൂട്ടീവ് കമ്മറ്റിക്കുമാണ് ഈ സ്ഥാപനത്തിന്റെ ഭരണനിർവഹണ ചുമതല. സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി ഡോ. ടി എം തോമസ് ഐസക്കാണ് ഇതിന്റെ ചെയർപേഴ്സൺ.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ,
ഗിഫ്റ്റ് ക്യാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള - 695017
ഫോൺ : 0471 2596970, 2596980, 2593960
Email : program@gift.res.in www.gift.res.in